VR#01

## 1) സൂറത്ത് ഫുസ്സിലത്തിന്റെ മറ്റൊരു പേരാണ് ..................

- A. സജദഃ
- B. ഹാമീം
- C. ഹാമീം സജദഃ ✓
- D. ശൂറാ

## 2) നബി(സ)യുമായി സംഭാഷണം നടത്തി പ്രവാചകരെ അദ്ദേഹത്തിന്റെ ദൗത്യത്തിൽ നിന്നും പിൻമാറ്റുവാൻ വേണ്ടി ഖുറൈശികൾ തിരഞ്ഞെടുത്ത് പറഞ്ഞയച്ചത് ആരെയാണ്?

- A. വലീദ് ഇബ്നു മുഗീറ
- B. ഉത്ത്ബത്ത് ഇബ്നു റബീഅ ✓
- C. ശൈബത്ത് ഇബ്നു റബീഅ
- D. ഉമയ്യത്ത് ഇബ്നു ഖലഫ്

## 3) ഖുറൈശീ പ്രമുഖന്റെ ആക്ഷേപകങ്ങൾക്ക് മറുപടിയായി പ്രവാചകൻ (സ) ഓതി കേൾപ്പിച്ച വചനങ്ങൾ ഏതായിരുന്നു ?

- A. സൂറഃ സജദയിലെ ആദ്യ 13 വചനങ്ങൾ
- B. സൂറഃ ഫുസ്സിലത്തിന്റെ ആദ്യ 13 വചനങ്ങൾ ✓
- C. സൂറഃ യാസീനിലെ ആദ്യ 13 വചനങ്ങൾ
- D. സൂറഃ ഹാമീം സജദ പൂർണ്ണമായും

## 4) പരിശുദ്ധ ഖുർആനിന്റെ പ്രത്യേകതകൾ വചനങ്ങളിൽ പരാമർശിച്ചിരിക്കുന്നത് ...........

- A. അറബിഭാഷയിലുള്ള പാരായണ ഗ്രന്ഥമായികൊണ്ട്
- B. അതിന്റെ ആയത്തുകൾ വിശദീകരിക്കപ്പെട്ടിട്ടുള്ളത് (വേർതിരിക്കപ്പെട്ടത്)

- C. സന്തോഷവാർത്ത അറിയിക്കുന്നതും താക്കീതു നൽകുന്നതുമായികൊണ്ട്
- D. എല്ലാം ശരിയാണ്

## 5) ഖുർആനിലെ ഓരോ വചനവും, ഓരോ അദ്ധ്യായവും, അതതിലെ ആശയങ്ങൾ ജനങ്ങൾക്ക് വേണ്ടത് പോലെ ഗ്രഹിക്കുമാറ് സമർത്ഥമായ രീതിയിൽ പ്രതിപാദിക്കപ്പെടുന്നതിന് ........ എന്ന് പറയാം.

- A. മുഹ്കമാത് مُحْكَمَات
- B. മുതശാബിഹാത് مُتَشَابِهَات
- C. ഫുസ്സിലത്ത് فُصِّلَتْ
- D. ആയാത്ത് ءَايَٰت

## 6) പരിശുദ്ധ ഖുർആനിനെ നിഷേധിക്കുന്നവർ അവരുടെ നിഷേധത്തിൽ തുടരാൻ വേണ്ടി നബി(സ)യോട് പറഞ്ഞിട്ടുള്ള ചില വാക്യങ്ങൾ വചനത്തിനിൽ അല്ലാഹു എടുത്തു പറയുന്നുണ്ട്; അവയിൽ ഉൾപ്പെടാത്ത ഒന്നാണ് .....

- A. നീ ഞങ്ങളെ ക്ഷണിക്കുന്നതിനെക്കുറിച്ച് ഞങ്ങളുടെ ഹൃദയങ്ങൾ ഒരുതരം മൂടികളിലാണുള്ളത്
- B. ഞങ്ങളുടെയും നിന്റെയും ഇടക്കു യോജിക്കാത്തവണ്ണം ഒരു മറയുണ്ട്
- C. നീ കൊണ്ട് വന്നതെന്തോ അത് ഞങ്ങളിൽ കക്ഷിത്വമുണ്ടാക്കുന്നു
- D. ഞങ്ങളുടെ കാതുകളിലുമുണ്ട് ഒരു തരം കട്ടി

## 7) അവർക്ക് മറുപടിയായി നബിയോട് അല്ലാഹു പറയാൻ കൽപ്പിക്കുന്നത് എന്ത് ?

- A. ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു
- B. നിങ്ങളുടെ ഇലാഹു ഒരേ ഒരു ഇലാഹാണെന്നു എനിക്കു 'വഹ്‌യു' നൽകപ്പെടുന്നു
- C. നിങ്ങൾ അവനിലക്ക് ചൊവ്വായി നിലകൊള്ളുവിൻ, അവനോട് പാപമോചനം തേടുകയും ചെയ്യുവിൻ
- D. ഇവയെല്ലാം അവരോട് പറയാൻ നബിയോട് കൽപ്പിച്ചിട്ടുള്ളതാണ്

## 8) മുശ്‌രിക്കുകളുടെ സ്വഭാവങ്ങളായി രണ്ടു കാര്യങ്ങൾ അല്ലാഹു ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നത് എന്തെല്ലാം ?

- (•) A. അവർ സകാത്തു കൊടുക്കുന്നില്ലെന്നും, അവർ പരലോകത്തിൽ വിശ്വസിക്കാത്തവരാണെന്നും
- ( ) B. ജീവിതത്തിലും, പ്രതിഫലത്തിലും വിശ്വസിക്കാത്തവരാണ് മുശ്‌രിക്കുകൾ
- ( ) C. അവർ നമസ്കരിക്കുന്നില്ല, സകാത് കൊണ്ടുള്ള ഗുണങ്ങളെ അവർ നിഷേധിച്ചു
- ( ) D. അവർ അല്ലാഹുവിന്റെ അസ്ഥിത്വത്തെ നിരാകരിച്ചു , ഖുർആനിനെ ദൈവിക ഗ്രന്ഥമായി വിശ്വസിച്ചിരുന്നില്ല

## 9) ഇസ്‌ലാമിൽ നിലവിലുള്ള സകാത്തുനിയമം നടപ്പിലായത് എപ്പോഴാണ് ?

- ( ) A. സൂറഃ ഫുസ്സിലത് ഇറങ്ങുന്നതിന് തൊട്ടു മുൻപ്
- ( ) B. നബിയുടെ മക്കാ കാലഘട്ടത്തിന്റെ ആദ്യങ്ങളിൽ തന്നെ തുടക്കത്തിൽ
- ( ) C. ഹിജ്റക്ക് തൊട്ട് മുൻപ്
- (•) D. ഹിജ്റ രണ്ടാം കൊല്ലത്തിൽ

## 10) സകാത്തു കൊടുക്കാത്തവർ എന്ന് വചനത്തിൽ ആക്ഷേപിച്ചത് ആരെയാണ് ?

- ( ) A. മുസ്‌ലിംകളിൽ നിന്നുള്ള സകാത്ത് നിർബന്ധമായ പിശുക്കന്മാരെ
- ( ) B. മക്കക്കാരെ മൊത്തമായും
- ( ) C. കപടന്മാരെ
- (•) D. മക്കക്കാരായ മുശ്‌രിക്കുകളെ

VR#02

## 1) "എല്ലാംകൂടി നാലു ദിവസങ്ങളിൽ, ചോദിക്കുന്നവർക്ക് ശരിക്കും നാലുദിവസം!"; നാലു ദിവസങ്ങൾ കൊണ്ട് അല്ലാഹു സൃഷ്ടിച്ചതിൽ എന്തെല്ലാം ഉൾപ്പെടുന്നു.

- A. ഏഴ് ആകാശങ്ങളും, ഭൂമിയും
- B. ഒന്നാനാകാശവും, സൂര്യനും, ചന്ദ്രനും
- C. ഭൂമിയിലെ പർവ്വതങ്ങളും, ആകാശങ്ങളിലെ മറ്റു വസ്തുക്കളും
- D. ഭൂമിയും, മലകളും, അതിലെ അഭിവൃദ്ധിയും, അതിലെ ആഹാരവസ്തുക്കളുടെ നിർണ്ണയിക്കലും

## 2) ഭൂമിയെ സൃഷ്ടിച്ചതിന് പുറമെ, അതിൽ പർവതങ്ങൾ സ്ഥാപിച്ചതും ആഹാരത്തിനുള്ള വകകളും മറ്റും വ്യവസ്ഥപ്പെടുത്തിയതും നന്മകൾ അഭിവൃദ്ധിപ്പെടുത്താനുമൊക്കെയായി എത്ര ദിവസമാണെടുത്തത് ?

- A. രണ്ടു ദിവസം
- B. മൂന്ന് ദിവസം
- C. നാലു ദിവസം
- D. ആറു ദിവസം

## 3) അല്ലാഹുവിന്റെ ഒരു ദിവസത്തെ നമുക്ക് എങ്ങനെ മനസ്സിലാക്കാം ?

- A. നമുക്കു പരിചയപ്പെട്ട രാവും പകലും ചേർന്ന ഒരു ദിവസം
- B. പരലോകത്തെ അമ്പത്തിനായിരം വർഷത്തിന് സമാനമായ ഒരു ദിവസം
- C. ചില പ്രത്യേക തരത്തിലുള്ള കാലഘട്ടമായിരിക്കാം
- D. നാമനുഭവിക്കുന്ന ഒരു ദിവസത്തിന്റെ ഏതെങ്കിലും ഒരു നിമിഷ സമയം മാത്രമായിരിക്കും

## 4) ആകാശത്തിനോടും ഭൂമിയോടും അല്ലാഹു ആവശ്യപ്പെട്ടത് എന്തായിരുന്നു ?

- A. നിങ്ങൾ രണ്ടും അനുസരണയോടെ വരിക
- B. നിങ്ങൾ രണ്ടും നിർബന്ധിതമായി വരിക

- C. നിങ്ങൾ രണ്ടും അനുസരണപൂർവ്വമോ അല്ലെങ്കിൽ നിർബന്ധിതമായോ വരുക
- D. നിങ്ങൾ രണ്ടും നന്ദിയോടെ എന്റെ അടുത്തേക്ക് വരിക

## 5) ഭൂമിയുമായി അടുത്ത ആകാശത്തിനെ അല്ലാഹു ...........................

- A. അനുസരണ മനോഭാവത്തോടെയും നിർബന്ധിത ഭാവത്തോടെയും വരാൻ പറഞ്ഞു
- B. ചില വിളക്കുകളെ കൊണ്ട് അലങ്കരിച്ചു, കാവലാക്കുകയും ചെയ്തു
- C. ഒരു പുകയും മറയുമാക്കി മാറ്റി
- D. കാര്യബോധവും അഭിവൃദ്ധിയും സംവിധാനിച്ചു

## 6) "പിന്നെ അവൻ ആകാശത്തിലേക്കു തിരിഞ്ഞു, അതു ഒരു തരം പുകയായിരുന്നു"; വചനത്തിൽ പുക എന്നതിന് ഉപയോഗിച്ച പദമാണ് ........

- A. സഹാബ് سحاب
- B. ബുഖാർ بخار
- C. ദുഖാൻ دخان
- D. സമാഉൻ سَمَاء

## 7) ഓരോ ആകാശത്തിലേയും മലക്കുകൾ, വിഭവങ്ങൾ, നടപടിക്രമങ്ങൾ, പ്രകൃതിവിശേഷങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം നിശ്ചയിച്ചു അവക്ക് വേണ്ട വ്യവസ്ഥകൾ ഏർപ്പെടുത്തിയതിനെ സൂചിപ്പിക്കുന്ന വചന ഭാഗമാണ്.......

- A. എല്ലാ ആകാശത്തിലും അതിന്റെ കാര്യത്തെക്കുറിച്ച് ബോധനം നൽകി
- B. ആകാശത്തെ നാം ഒരു കാവൽ കാക്കുകയും ചെയ്തിരിക്കുന്നു
- C. അവനത്രെ ആകാശങ്ങളും ഭൂമിയും മുറപ്രകാരം സൃഷ്ടിച്ചവൻ
- D. ആകാശത്ത് നാം നക്ഷത്രമണ്ഡലങ്ങൾ നിശ്ചയിക്കുകയും ചെയ്തു

**8) "നക്ഷത്രങ്ങളെ നാം ഒരു കാവൽ ആക്കുകയും ചെയ്തിരിക്കുന്നു" എന്തിൽ നിന്നാണ് ആകാശത്തിന് നക്ഷത്രങ്ങളെ കൊണ്ട് അല്ലാഹു കാവലൊരുക്കിയിട്ടുള്ളത് ?**

- A. ഭൂമിയിൽ നിന്ന് ആകാശത്തേക്ക് ഉയരുന്ന വിഷ വാതകങ്ങളിൽ നിന്ന്
- B. മനുഷ്യരിൽ മോശം സൃഷ്ടികളുടെ തിന്മകൾ രേഖപ്പെടുത്തുന്നതിൽ നിന്ന്
- C.ജ്യോത്സരും കണക്ക് നോട്ടക്കാരും ഭാവിയെ കുറിച്ച് കട്ട് കേൾക്കുന്നതിനെ തൊട്ട്
- D. ആകാശത്തിലേക്ക് കടന്നു വരുന്ന പിശാചുക്കളിൽ നിന്ന്

**9) അല്ലാഹുവിന്റെ ഉത്ബോധനത്തെ തൊട്ട് തിരിഞ്ഞു കളയുകയാണെങ്കിൽ ആദിനേയും ഥമൂദിനേയും ശിക്ഷിച്ച പോലെയുള്ള ഒരു വമ്പിച്ച ശിക്ഷയെക്കുറിച്ചു മുന്നറിയിപ്പു നൽകാൻ നബി(സ)യോട് അല്ലാഹു ആവശ്യപ്പെടുന്നു. വചനത്തിൽ വമ്പിച്ച ശിക്ഷയെക്കുറിക്കാൻ ആവർത്തിച്ച പദമേത് ?**

- A. الْعَذَابَ الْأَلِيم
- B. صَٰعِقَةً
- C.الصَّيْحَةَ
- D. الرَّجْفَةُ

**10) അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് പ്രവാചകന്മാർ ഉപദേശിച്ചപ്പോൾ അവരെ അവിശ്വസിക്കാൻ ആദുകാരും ഥമൂദുകാരും കാരണമായി പറഞ്ഞത് എന്തായിരുന്നു ?**

- A. ഞങ്ങളുടെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ മുൻപിൽകൂടിയും പിമ്പിൽകൂടിയും ഞങ്ങളിലേക്ക് റസൂലുകളെ അയക്കുമായിരുന്നു
- B. ഞങ്ങളുടെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ ഞങ്ങളിലേക്കു മലക്കുകളെ ഇറക്കുമായിരുന്നു
- C. ഞങ്ങളുടെ റബ്ബ് ഞങ്ങളെ നിന്നെക്കാൾ ശ്രേഷ്ഠന്മാർ ആക്കിയിരിക്കുന്നു
- D. ഞങ്ങളുടെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ ഞങ്ങളെ അവിശ്വാസികൾ ആക്കുമായിരുന്നില്ല

VR#03

## 1) ഭൂമിയിൽ ന്യായമില്ലാത്ത വിധം അഹംഭാവം കാണിച്ച ആദ് ഗോത്രം അവരുടെ നിഷേധത്തിന്റെ ശക്തിയെന്നോണം പറഞ്ഞ വാക്കുകൾ എന്തായിരുന്നു ?

- ○ A. ഞങ്ങൾ നിർമ്മിക്കുന്നതിനേക്കാൾ വലിയ ഗോപുരങ്ങൾ നിർമ്മിക്കുന്നവരാരുണ്ട്
- ● B. ശക്തിയിൽ ഞങ്ങളേക്കാൾ ഊക്കേറിയവർ ആരാണുള്ളത്
- ○ C. താഴ് വരകളിലെ കൊട്ടാരങ്ങൾ ഞങ്ങളുടെ പ്രതാപത്തിന്റെ അടയാളങ്ങളാണ്
- ○ D. ഞങ്ങളെ തോൽപ്പിക്കും വിധമുള്ള ശിക്ഷയുണ്ടെങ്കിൽ അത് ഞങ്ങളൊന്ന് കാണട്ടെ

## 2) അല്ലാഹു അതിനുള്ള മറുപടി നൽകിയതെന്ത് ?

- ○ A. ഐഹിക ജീവിതത്തിൽ തന്നെ അപമാനത്തിന്റെ ശിക്ഷ ഏറ്റുവാങ്ങേണ്ടി വന്നവരുടെ ഗതി എന്തായിരുന്നു
- ○ B. അവർക്ക് വന്നെത്തിയ ശരെശരെയുള്ള കാറ്റിന് മുമ്പിൽ അവർ ദുർബലരായിപ്പോയില്ലേ
- ○ C. അവർക്ക് കണ്ടുകൂടേ, അവരുടെ മുമ്പുള്ളവരെ അല്ലാഹു എന്ത് ചെയ്തുവെന്ന്
- ● D. അവർക്കു കണ്ടുകൂടെ; അവരെ സൃഷ്ടിച്ച അല്ലാഹു അവരെക്കാൾ ശക്തിയിൽ ഊക്കേറിയവനാണെന്ന്

## 3) ദുഃശ്ശകുനം പിടിച്ച ചില ദിവസങ്ങളിൽ അവരിൽ (ആദിന്) .......... നാം അയച്ചു

- ● A. ഉഗ്രമായ ഒരു കാറ്റിനെ
- ○ B. ഇടിത്തിയോട് കൂടിയ ഒരു ശിക്ഷയെ
- ○ C. അഗ്നിയോടുകൂടിയ ചരൽ കാറ്റിനെ
- ○ D. ഘോര ശബ്ദത്തോട് കൂടിയ ഒരു ശിക്ഷയെ

## 4) 'കൂടുതൽ അപമാനകരം' എന്ന് വചനത്തിൽ വിശേഷിപ്പിച്ചത് എന്തിനെയാണ് ?

A. ആദ് സമൂഹത്തിന് ഇഹലോകത്തും പരലോകത്തും ലഭിക്കാൻ പോകുന്ന ശിക്ഷയെ

B. തങ്ങളുടെ കർമ്മ ഫലമായി ഇടിത്തി ശിക്ഷ വന്നിറങ്ങിയ ജനതയെ

C. ആദ് സമൂഹത്തിന് പരലോകത്ത് ലഭിക്കുന്ന ശിക്ഷയെ

D. സമൂദ് ഗോത്രത്തിന് ദുനിയാവിൽ ലഭിക്കാൻ പോകുന്ന ശിക്ഷയെ

## 5) ഥമൂദ് ഗോത്രത്തിന് അല്ലാഹു സന്മാർഗ്ഗം കാട്ടിക്കൊടുത്തപ്പോൾ അവർ എന്ത് ചെയ്തു ?

A. അവർ സന്മാർഗ്ഗത്തെക്കാൾ ദുർമാർഗ്ഗത്തോടു സ്നേഹം കാണിച്ചു

B. ചിലർ അവിശ്വസിക്കുകയും മറ്റ് ചിലർ വിശ്വസിച്ചവരെ പിന്തിരിപ്പിക്കുകയും ചെയ്തു

C. ദൈവിക വചനങ്ങളെയും ദൈവിക ദൃഷ്ടാന്തങ്ങളെയും അവർ വെല്ലുവിളിച്ചു

D. അവർ അന്ധതയേക്കാൾ സന്മാർഗ്ഗത്തോടു സ്നേഹം കാണിച്ചു

## 6) അവർ ചെയ്തു കൂട്ടിയിരുന്നതു നിമിത്തം ഥമൂദ് ഗോത്രത്തിനെ ......................... പിടികൂടി

A. ചരൽ കാറ്റുകൊണ്ട്

B. നിന്ദ്യമായ ശിക്ഷയാകുന്ന ഇടിത്തീ

C. ജലപ്രളയം

D. ശരശരേ പെയ്യുന്ന ചീത്ത മഴ

## 7) "അല്ലാഹുവിന്റെ ശത്രുക്കൾ നരകത്തിലേക്കു ഒരുമിച്ചുകൂട്ടപ്പെടുന്ന ദിവസം അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെക്കുറിച്ചു ......................... അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്"

A. അവരുടെ കേൾവിയും [കാതുകളും]

B. അവരുടെ കാഴ്ചകളും [കണ്ണുകളും]

C. അവരുടെ തൊലികളും

- D. മുകളിൽ നൽകിയവയെല്ലാം ശരിയാണ്

## 8) "നിങ്ങൾ എന്തിനായിട്ടാണ് ഞങ്ങൾക്കെതിരിൽ സാക്ഷി പറയുന്നത്", ഇത് ആര് ആരോട് പറയുന്നതാണ് ?

- A. സത്യനിഷേധികളുടെ കൈകാലുകൾ അവരോട്
- B. സത്യനിഷേധികളായ മക്കൾ മാതാപിതാക്കളോട്
- C. സത്യനിഷേധികൾ സ്വന്തം തൊലികളോട്
- D. അവയങ്ങൾ സത്യനിഷേധികളോട്

## 9) കുറ്റവാളികളുടെ വായകളിൽ മുദ്ര വെക്കുകയും അവരുടെ കൈകാലുകൾ സംസാരിക്കുകയും അവർക്കെതിരെ സാക്ഷി പറയുകയും ചെയ്യുന്നതെപ്പോഴാണ് ?

- A. അല്ലാഹു ഒരാളെ വിചാരണക്കെടുത്താൽ സംസാരിക്കുന്നത് കൈകാലുകളായിരിക്കും
- B. മറ്റു അവയവങ്ങൾ അവരുടെ നന്മകൾ മാത്രം പറയാൻ ശ്രമിക്കുമ്പോൾ
- C. മഹ് ശറിൽ വെച്ച് കുറ്റവാളികൾ കളവ് പറയുമ്പോൾ
- D. അല്ലാഹുവിന്റെ ചോദ്യങ്ങൾക്ക് ഉത്തരമില്ലാതെ മൗനമവലംബിക്കുമ്പോൾ

## 10) "അത് - നിങ്ങളുടെ റബ്ബിനെക്കുറിച്ച് നിങ്ങൾ ധരിച്ച് വെച്ച ആ ധാരണ - നിങ്ങളെ നാശത്തിൽ പതിപ്പിച്ചു. അങ്ങനെ, നിങ്ങൾ നഷ്ടക്കാരിൽപെട്ടവരായിത്തീർന്നു" ; എന്തായിരുന്നു അവരുടെ ധാരണ ?

- A. അവരുടെ തൊലികളും അവയവങ്ങളും പരലോകത്ത് വെച്ച് സംസാരിക്കുകയില്ല എന്ന്
- B. അവർ പ്രവർത്തിക്കുന്നതിൽനിന്നു അധികവും അല്ലാഹു അറിയുകയില്ല എന്ന്
- C. അവർ ഒരിക്കലും മരണാനന്തര ജീവിതത്തിന് വേണ്ടി പുനർജനിക്കപ്പെടുകയില്ല എന്ന്
- D. ഇഹലോകത്ത് വെച്ച് ചെയ്ത കർമ്മങ്ങളുടെ ഏടുകൾ അവർക്ക് ലഭിക്കുകയില്ല എന്ന്.

VR#04

## 1) മനുഷ്യരിൽ നിന്നും ജിന്നുകളിൽ നിന്നുമുള്ള കൂട്ടാളികൾ മനുഷ്യരെ വഴി പിഴപ്പിച്ചത് എപ്രകാരമാണ്?

- A. അവർക്ക് മോഹന വാഗ്ദാനങ്ങൾ നൽകി
- B. അവരെ പരലോക ശിക്ഷയെ പറ്റി ഭയപ്പെടുത്തി പാട്ടിലാക്കി
- C. അവർ അവരുടെ മുമ്പിലുള്ളതും, പിമ്പിലുള്ളതും അവർക്ക് ഭംഗിയാക്കിക്കാണിച്ചു
- D. ഇഹലോകത്ത് ഉണ്ടായേക്കാവുന്ന നഷ്ടങ്ങളെ പറ്റി ഓർമ്മപ്പെടുത്തി

## 2) നബി(സ) അരുളി: "മനുഷ്യൻ അവന്റെ ............ മതത്തിലായിരിക്കും നിലകൊള്ളുക. അത് കൊണ്ട് നിങ്ങളിൽ ഓരോരുത്തനും ആരോടാണ് താൻ ............... സ്വീകരിക്കേണ്ടതെന്ന് നോക്കിക്കൊള്ളട്ടെ"

- A. ചങ്ങാതിയുടെ, ചങ്ങാത്തം
- B. ഭാര്യയുടെ, വൈവാഹിക ജീവിതം
- C. ഇണയുടെ, ജീവിത പങ്കാളിത്തം `
- D. കൂട്ടാളിയുടെ, സഹവാസവും കൂട്ടുകെട്ടും ബന്ധങ്ങളും

## 3) മക്കയിലെ ഖുറൈശി പ്രമാണിമാർ ജയം നേടാമെന്ന പ്രതീക്ഷയിൽ എന്തുചെയ്യാനാണ് പരസ്പരം ആഹ്വാനം ചെയ്തത് ?

- A. നിങ്ങൾ ഖുർആൻ കേൾക്കുകയും അതിൽ തർക്കങ്ങൾ ഉന്നയിക്കുകയും ചെയ്യുവീൻ
- B. നിങ്ങൾ ഈ ഖുർആനിലേക്ക് ചെവികൊടുക്കരുത്; നിങ്ങൾ അതിൽ ബഹളംകൂട്ടി ഒച്ചപ്പാടുണ്ടാക്കുകയും ചെയ്യുവിൻ
- C. നിങ്ങൾ ഖുർആൻ കേൾക്കുന്നവരെ ഒറ്റപ്പെടുത്തുകയും അവർക്കുള്ള സഹായങ്ങൾ നിർത്തലാക്കുകയും ചെയ്യുവിൻ
- D. നിങ്ങൾ ഖുർആൻ പാരായണം ശ്രദ്ധിക്കുന്നവരെ പിന്തിരിപ്പിക്കുവിൻ

## 4) എന്നാൽ ആ അവിശ്വസിച്ചവർക്ക് നിശ്ചയമായും, അല്ലാഹു, ..................

A. കഠിനമായ ശിക്ഷ ആസ്വദിപ്പിക്കുന്നതാണ്

B. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിലെ തിന്മകൾക്കു പ്രതിഫലം നൽകുകയും തന്നെ ചെയ്യും

C. തുടരെ തുടരെ പ്രയാസങ്ങൾ നൽകുന്നതാണ്

D. എ യും ബി യും ശരിയാണ്

## 5) "നരകം പ്രതിഫലമായി ലഭിക്കുന്നതാണ്"; താഴെ നൽകിയതിൽ ഇതിനോട് യോജിക്കാത്തത് ഏത്?

A. അല്ലാഹുവിന്റെ ശത്രുക്കളുടെ പ്രതിഫലമാണ് നരകം

B. അവർക്കതിൽ സ്ഥിരവാസത്തിന്റെ ഭവനമുണ്ട്

C. അല്ലാഹുവിന്റെ ലക്ഷ്യ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചിരുന്നതിന് പ്രതിഫലമായിട്ട്

D. അവർ നരകത്തിൽ പരസ്പരം പക വീട്ടുന്നതാണ്

## 6) തങ്ങളെ വഴി പിഴപ്പിക്കുന്നതിൽ പങ്കുവഹിച്ച മനുഷ്യപ്പിശാചുക്കളെയും, ജിന്നു പിശാചുക്കളെയും കാട്ടികൊടുക്കാൻ അവിശ്വസിച്ചവർ നരകത്തിൽ വെച്ചു റബ്ബിനോട് ആവശ്യപ്പെടുന്നത് എന്തിനാണ് ?

A. ഇഹത്തിൽ അവരോടുണ്ടായിരുന്ന സ്നേഹാദരവുകളും ഇണക്കവണക്കങ്ങളും അവരെ അറിയിക്കാൻ

B. അവർക്ക് വല്ല സഹായവും നൽകാൻ അവർക്ക് കഴിയുമോ എന്നന്വേഷിക്കാൻ

C. ഇനിയും തങ്ങളെ വഴിപിഴപ്പിക്കാൻ നിങ്ങൾക്ക് കഴിയില്ല എന്ന് പരിതപം പറയാൻ

D. അവരെ ചവിട്ടിമെതിച്ചു നിന്ദിച്ചുകൊണ്ടു പകപോക്കുവാൻ ഒരവസരം നൽകാൻ

## 7) സത്യവിശ്വാസികളുടെ മരണസമയത്ത് കടന്നു വരുന്ന മലക്കുകൾ അവർക്ക് നൽകുന്ന സുവിശേഷങ്ങളിൽ എന്തായിരിക്കും ?

A. നിങ്ങൾ പേടിക്കേണ്ടാ, നിങ്ങൾ വ്യസനിക്കുകയും വേണ്ടാ

B. നിങ്ങളോടു വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സ്വർഗ്ഗം കൊണ്ടു നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുവിൻ

C. നിങ്ങൾക്കു പരലോകത്തു നിങ്ങളുടെ മനസ്സുകൾ എന്തു ഇച്ഛിക്കുന്നുവോ അതു മുഴുവനും ഉണ്ടായിരിക്കും.

D. മുകളിൽ നൽകിയവയെല്ലാം അവരുടെ സുവിശേഷങ്ങളിൽ പെടുന്നു

## 8) ആരിലേക്കാണ് മലക്കുകൾ സന്തോഷ വാർത്തയുമായി കടന്നു വരുന്നത് ?

A. ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് അതനുസരിച്ചു നില കൊള്ളുകയും ചെയ്തവരിലേക്ക്

B. ജീവിതത്തെ ചിട്ടയോടെ ക്രമപ്പെടുത്തിയവരിലേക്ക്

C. തങ്ങളുടെ ഇച്ഛകളെയും ജീവിത ലക്ഷ്യങ്ങളെയും ത്യജിച്ചധ്വാനിച്ചവരിലേക്ക്

D. മതത്തെ മുറുകെ പിടിക്കാൻ സ്വരാജ്യം വെടിഞ്ഞു പാലായാനം ചെയ്തവരിലേക്ക്

## 9) സജ്ജനങ്ങളായ ആളുകൾക്കു മലക്കുകളിൽനിന്നു ഈ സന്തോഷവാർത്തകൾ ലഭിക്കുന്നത് ഇമാം ഇബ്നു കസീർ (റ) വിശദീകരിച്ചത് എപ്പോഴെല്ലമാണ് ?

A. മരണസമയത്തും വിചാരണ പൂർത്തിയാക്കി സ്വർഗ്ഗ നരകങ്ങൾ കൊണ്ടുവരപ്പെടുമ്പോഴും

B. മരണസമയത്തും ഖബ്റിൽവെച്ചും പുനരുത്ഥാനസമയത്തും

C. ഖബ്റിൽവെച്ചും, ഖിയാമത് സംഭവത്തിന് ശേഷവും

D. പുനരുത്ഥാനസമയത്തും സ്വർഗപ്രവേശന സമയത്തും

## 10) "അല്ലാഹുവിന്റെ റസൂലേ! അവിടുത്തേക്കുശേഷം മറ്റാരോടും ഞാൻ കൂടുതൽ ചോദിച്ചറിയേണ്ടി വരാത്ത ഒരു വാക്കു് ഇസ്ലാമിനെക്കുറിച്ച് എനിക്കു പറഞ്ഞു തന്നേക്കണം" എന്ന ചോദ്യത്തിന് പ്രവാചകൻ (സ) കൊടുത്ത മറുപടി എന്തായിരുന്നു ?

A. നിന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യുക , അല്ലാഹുവിനെ സൂക്ഷിക്കുക

B. അല്ലാഹു നിനക്ക് നൽകിയതിൽ നീ തൃപ്തിപ്പെടുക

C. ഞാൻ അല്ലാഹുവിൽ വിശ്വസിച്ചു എന്നു നീ പറയുക, പിന്നീട് നീ ചൊവ്വായി നിലകൊള്ളുക

D. അഞ്ച് നേരത്തെ നമസ്കാരം സമയബന്ധിതമായി നിർവ്വഹിക്കുക

VR#05

## 1) ആരാണ് ഏറ്റവും നല്ല വാക്ക് പറയുന്നവൻ ?

A. അവൻ അല്ലാഹുവിലേക്ക്, അതായത് തൗഹീദിലേക്കും ഇസ്‌ലാമിലേക്കും ആളുകളെ ക്ഷണിക്കുന്നു

B. സ്വന്തം നിലക്കും മറ്റുള്ളവരുടെ ഉപദേശകനെന്ന നിലക്കും അവൻ സദ്‌വൃത്തനായിരിക്കും

C. മുസ്‌ലിമാണെന്ന് ധൈര്യസമേതം പ്രഖ്യാപിക്കുകയും അതിൽ അവൻ അഭിമാനം കൊള്ളുകയും ചെയ്യും

D. ഈ മൂന്നു കാര്യങ്ങളും ആരിൽ സമ്മേളിച്ചിട്ടുണ്ടോ അവനാണ് ഏറ്റവും നല്ല വാക്ക് പറയുന്നവൻ

## 2) ഒരാൾ തിന്മയെ തടുക്കേണ്ടത് എങ്ങിനെയെന്നാണ് വചനത്തിൽ പരാമർശിക്കുന്നത് ?

A. തിന്മ കൊണ്ട് തന്നെ തിന്മയെ തടയണം

B. തക്കതായ ശിക്ഷകൾ നൽകി തടയണം

C. നന്മകളെ കൊണ്ട് തിന്മയെ തടയണം

D. കൂടുതൽ നല്ലത് ഏതോ അത് കൊണ്ട് തിന്മയെ തടയണം

## 3) "വലിയ്യുൻ ഹമീം وَلِيٌّ حَمِيمٌ" എന്ന വാക്കിന്റെ അർത്ഥമാണ്

A. പ്രത്യക്ഷ ശത്രു

B. ഉറ്റബന്ധു

C. വമ്പിച്ച ഭാഗ്യം

D. ചൂടുള്ള ദ്രാവകം

### 4) ഇങ്ങനെ തിന്മയെ തടുക്കാൻ സാധിച്ചു കിട്ടുന്നത് ആർക്കാണ് ?

A. നന്മക്ക് നന്മയും, തിന്മക്കു അതേ അളവിൽ കവിയാത്ത തിന്മയും ചെയ്യുന്നവർക്ക്

B. ക്ഷമയും സഹനവുമുള്ളവർക്കും, മഹാഭാഗ്യവാന്മാരായ ആളുകൾക്കും

C. സൂക്ഷമതയും സഹാനുഭൂതിയും അനുകമ്പയുമുള്ളവർക്ക്

D. ഒരു തിന്മക്കു പകരം ഒന്നിലധികം തിന്മ ചെയ്യുന്നവർക്ക്

### 5) ആരാണ് യഥാർത്ഥത്തിൽ ബന്ധം പാലിക്കുന്നവൻ ?

A. ഇങ്ങോട്ടു ചെയ്തതു പോലെ അങ്ങോട്ടും സമത്തിനു സമമായി പ്രവർത്തിക്കുന്നവനാണ് ബന്ധം പാലിക്കുന്നവൻ

B. തന്നോടുള്ള ബന്ധം മുറിക്കപ്പെട്ടാൽ അങ്ങോട്ട് ആ ബന്ധം പാലിക്കുന്നവനാണ് ബന്ധം പാലിക്കുന്നവൻ

C. അവനവന്റെ ഇഷ്ടത്തിന് വേണ്ടി ബന്ധം ചേർക്കുന്നവനാണ് ബന്ധം പാലിക്കുന്നവൻ

D. കുടുംബത്തിന് പ്രയോജനമുണ്ടാകാൻ ബന്ധം പുലർത്തുന്നവനാണ് ബന്ധം പാലിക്കുന്നവൻ

### 6) പിശാചിൽ നിന്ന് വല്ല ദുഷ്പ്രേരണയും നമ്മളെ ഇളക്കി വിട്ടേക്കുന്ന പക്ഷം എന്ത് ചെയ്യണമെന്നാണ് അല്ലാഹു നമ്മെ പഠിപ്പിക്കുന്നത് ?

A. മന്ത്രിച്ചൂതിയ ഏലസ് അരയിൽ കെട്ടണം

B. സ്വന്തത്തെ അടിച്ചു പിശാചിനെ പുറത്താക്കണം

C. ഏറ്റവും അടുത്ത ജിന്ന് ചികിത്സാ കേന്ദ്രത്തിൽ അഭയം തേടണം

D. നാം അല്ലാഹുവിനോടു ശരണം തേടണം

### 7) "അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടവയാണ് രാവും, പകലും, സൂര്യനും, ചന്ദ്രനും; ......................................... ; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ"

A. സൂര്യനും ചന്ദ്രനും നിങ്ങൾ 'സുജൂദ്' ചെയ്യരുത്.

B. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിനു നിങ്ങൾ 'സുജൂദ്' ചെയ്യുക

C. രാവും, പകലും, സൂര്യനും, ചന്ദ്രനും അവനെ 'സുജൂദ്' ചെയ്യുന്നു

D. എ യും ബി യും കൂടി ഉൾപ്പെടുന്നു

## 8) അല്ലാഹുവിന് സൂജൂദ് ചെയ്യാൻ അവർ അഹംഭാവം നടിക്കുകയാണെങ്കിൽ, അത്തരക്കാരെ ബോധ്യപ്പെടുത്താൻ അല്ലാഹു 'വചനത്തിൽ' വ്യക്തമാക്കിയിട്ടുള്ളത് എന്താണ് ?

A. സൂര്യചന്ദ്രന്മാർ വമ്പിച്ച ചില വസ്തുക്കളാണെന്ന കാരണത്താലാണ് അവർ അവക്ക് സൂജൂദ് ചെയ്യുന്നത്

B. റബ്ബിന്റെ അടുക്കലുള്ളവർ (മലക്കുകൾ ) രാത്രിയിലും പകലിലും അല്ലാഹുവിന് 'തസ്ബീഹ്' നടത്തിക്കൊണ്ടിരിക്കുന്നുണ്ട്

C. അത്തരക്കാർ മടി കാട്ടുന്നവരാണ്

D. അവർ എണ്ണംകൊണ്ടും, വണ്ണംകൊണ്ടുമെല്ലാം നിസ്സാര സൃഷ്ടികളാണ്

## 9) നിർജീവമായ ഭൂമിയെ മഴ ഇറക്കി ജീവസ്സു നൽകുന്നവൻ, നിശ്ചയമായും ........................

A. ശുദ്ധ ശൂന്യതയിൽ നിന്നും എല്ലാം സൃഷ്ടിച്ചവനാകുന്നു

B. ശൂന്യതയിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചവനാകുന്നു

C. നിങ്ങളെ മരണപ്പെടുത്തവൻ തന്നെയാകുന്നു

D. മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവൻ തന്നെയാകുന്നു

## 10) എന്നിട്ടു അതിൽ നാം മഴ വെള്ളം ഇറക്കിയാൽ ...................... ; വചനഭാഗത്തിന്റെ ബാക്കി ഖുർആനിൽ നിന്നുള്ള വാക്യം കൊണ്ട് പൂരിപ്പിക്കുക.

A. تَرَى ٱلْأَرْضَ خَٰشِعَةً ഭൂമി ഇറുകിയതായി നീ കാണുക

B. ٱهْتَزَّتْ وَرَبَتْ അതു കുതിർന്നു ഇളകുകയും ചീർക്കുകയും ചെയ്യുന്നു

C. مُحْيِ ٱلْمَوْتَىٰٓ മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവൻ

D. ٱلَّيْلِ وَٱلنَّهَارِ രാത്രിയും പകലും

VR#06

**1) കുത്തിപ്പറയുക, മാറ്റിമറിക്കുക, വളച്ചുതിരിക്കുക, ദുർവ്യാഖ്യാനം നടത്തുക മുതലായ വിക്രിയകൾ മുഖേന നേരായ മാർഗ്ഗത്തിൽനിന്നു തെറ്റിപ്പോയവർ എന്നാണ് ........................ എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്.**

- A. يَخْفَوْنَ യഖ് ഫൂൻ
- B. يُلْحِدُونَ യുൽഹിദൂൻ
- C. يُلْقَى യുൽഖാ
- D. يُنَادَوْنَ യുനാദൗൻ

**2) അല്ലാഹുവിന്റെ വചനങ്ങളിൽ വക്രത കാണിക്കുന്നവർക്ക് നേരിട്ട് അല്ലാഹു നൽക്കുന്ന ഒരു താക്കീതാണ്..........**

- A. നിങ്ങൾ കാത്തിരുന്നുകൊള്ളുക
- B. നിങ്ങളെ തീർച്ചയായും തുടച്ചുമാറ്റുന്നതാണ്
- C. നിങ്ങൾ ഉദ്ദേശിച്ചത് നിങ്ങൾ പ്രവർത്തിച്ചു കൊള്ളുക
- D. അവർ ഉദ്ദേശിച്ചത് അവരും പ്രവർത്തിച്ചു കൊള്ളട്ടെ

**3) 'അവർ അങ്ങേഅറ്റം കഷ്ടനഷ്ടത്തിൽ തന്നെ;, ആരാണ് കഷ്ടനഷ്ടത്തിൽ ഉള്ളത് ?**

- A. ഖുർആനാകുന്ന സന്ദേശം വന്നെത്തിയപ്പോൾ അതിൽ അവിശ്വസിച്ചിട്ടുള്ളവർ
- B. ദൈവിക ദൃഷ്ടാന്തങ്ങളിൽ അന്യായം കൂട്ടിച്ചേർത്തവർ
- C. തിന്മയുടെ ഗൗരവമറിഞ്ഞിട്ടും തിന്മയിൽ തന്നെ കഴിഞ്ഞവർ
- D. പൂർവീകരുടെ വാക്കുകളെ വേദവാക്കുകളായി സ്വീകരിച്ചവർ

**4) ഖുർആനിനെക്കുറിച്ച് പാഠഭാഗത്തെ വചനങ്ങളിൽ വന്ന പരാമർശങ്ങളിൽ ........ ഉൾപ്പെടുന്നില്ല**

A. പ്രബലവും വീര്യപ്പെട്ടതുമായ ഗ്രന്ഥം

B. അതിന്റെ മുന്നിൽ കൂടിയോ അതിന്റെ പിന്നിൽ കൂടിയോ മിഥ്യയായുള്ളതു അതിൽ വന്നുചേരുന്നതല്ല

C. അഗാധജ്ഞനും സ്തുത്യർഹനുമായുള്ള ഒരുവന്റെ അടുക്കൽനിന്നുള്ള അവതരണമാണ്

D. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്ന ഗ്രന്ഥം

## 5) ഖുർആൻ അറബിയല്ലാത്ത ഒരു ഭാഷയിലായിരുന്നു അവതരിപ്പിച്ചിരുന്നുവെങ്കിൽ നിഷേധികൾ പറഞ്ഞേക്കാമായിരുന്ന ഒരു ആക്ഷേപമാണ് ..........

A. അതിര് കവിഞ്ഞ വിശദീകരണത്തിലുള്ള ഒരു ഗ്രന്ഥമോ ?

B. നിസാര കാര്യങ്ങളെ പോലും പർവ്വതീകരിച്ചു കാണിച്ച ഒരു ദൈവിക ഗ്രന്ഥമോ ?

C. അറബിയായ പ്രവാചകനും അനറബിയായ ഗ്രന്ഥവുമോ ?

D. വിഷയങ്ങളിൽ ആവർത്തനവും അവ്യക്തതയുമുള്ള ഒരു ഗ്രന്ഥം തന്നെ ഇത്

## 6) "വിശ്വസിച്ചവർക്ക് ഖുർആൻ മാർഗ്ഗദർശനവും രോഗശമനവും ആകുന്നു", ഖുർആനിനെ പറ്റി രോഗശമനം എന്ന് പറഞ്ഞതിന്റെ താൽപര്യമാണ് ...............

A. ശാരീരികമായ എല്ലാ രോഗങ്ങൾക്കുമുള്ള ശമനം

B. ശാരീരികവും മാനസികവുമായ എല്ലാ രോഗങ്ങൾക്കുമുള്ള ശമനം

C. വിശ്വാസവൈകല്യം പോലെയുള്ള മാനസിക രോഗങ്ങൾക്കുള്ള ശമനം

D. ജന്മനാ ഉണ്ടാകുന്ന ചില വൈകല്യങ്ങൾക്ക് മാത്രമുള്ള ശമനം

## 7) ഉപദേശിക്കുന്ന കാര്യം മനസ്സിലാക്കാതെയും ഗൗനിക്കാതെയും ഇരിക്കുന്ന അവിശ്വാസികളെ സാദൃശ്യപ്പെടുത്തിക്കൊണ്ട് അല്ലാഹു പറഞ്ഞതാണ് ................

A. അക്കൂട്ടർ ഒരു വിദൂരമായ സ്ഥലത്ത് നിന്ന് വിളിക്കപ്പെടുകയാണ്

B. തിരിഞ്ഞു പോകുന്നവരെ കേൾപ്പിക്കാൻ നിനക്ക് സാധ്യമല്ല

C. അവർ മറഞ്ഞിരിക്കുന്നവരാണ്

D. അവർ അന്ധകാരങ്ങളിൽ വിഹരിക്കുന്നവരാണ്

### 8) നിശ്ചയമായും അവിശ്വാസികൾ .................. ക്കുറിച്ച് ആശങ്കാജനകമായ സംശയത്തിൽ തന്നെയാണ്.

A. പ്രവാചകത്വത്തെ

B. പരലോകത്തെ

C. ഖുർആനിനെ

D. ഉയർത്തെഴുന്നേൽപ്പിനെ

### 9) "റബ്ബിന്റെ പക്കൽനിന്ന് ഒരു വാക്കു മുമ്പുണ്ടായിട്ടില്ലാതിരുന്നുവെങ്കിൽ, അവർക്കിടയിൽ ഉടൻതന്നെ വിധി നടത്തപ്പെടുമായിരുന്നു" ; മുൻപുണ്ടായിട്ടുള്ള വാക്ക് എന്നു പറഞ്ഞതു എന്താണ് ?

A. തിന്മകൾ ചെയ്തു ജീവിക്കുന്നവർ ഇനി ഒരിക്കലും നന്നാകേണ്ടതില്ല എന്ന റബ്ബിന്റെ തീരുമാനം

B. ഒരാളുടെ ജനനത്തിന് മുമ്പ് ഗർഭത്തിൽ നാലാംമാസത്തിൽ തന്നെ അയാളുടെ വിധിയെ കുറിച്ചുള്ള നിശ്ചയം

C. ഐഹികജീവിതത്തിൽ വെച്ചു ചെയ്യുന്ന ദുഷ്കർമ്മങ്ങളുടെ ശിക്ഷ പരലോകത്തുവെച്ചാണ് നൽകുക എന്ന നിശ്ചയം

D. മുൻ കഴിഞ്ഞ സമുദായങ്ങളിൽ നിന്ന് വളരെ അൽപം ആളുകൾ മാത്രമേ ഹിദായത്തിലാവുകയുള്ളൂ എന്ന നിശ്ചയം

### 10) പരലോകത്ത് വെച്ച് മുശ് രിക്കുകളോട് എന്റെ പങ്കുകാർ എവിടെയെന്ന് അല്ലാഹു ചോദിക്കുമ്പോൾ മുശ് രിക്കുകൾ പറയുന്ന മറുപടി എന്താണ് ?

A. ഞങ്ങൾക്ക് അവരെ അറിയില്ല, ഈ ഒരവസ്ഥയെ പറ്റി ഞങ്ങൾക്ക് അറിവില്ലായിരുന്നു

B. ഞങ്ങൾ നിന്നോടു പ്രഖ്യാപിക്കുന്നു, ഞങ്ങളിൽ അതിനു സാക്ഷ്യം വഹിക്കുന്ന ഒരാളുമില്ലെന്ന്.

C. അവർ ഞങ്ങളെ വിട്ടു തെന്നിമാറിയിരിക്കുന്നു

D. നിശ്ചയമായും ഞങ്ങൾ അവരെയായിരുന്നില്ല ആരാധിച്ചിരുന്നത്

VR#07

**1) മനുഷ്യനു മടുപ്പുണ്ടാക്കാത്ത കാര്യമെന്ന് വചനത്തിൽ പറയുന്നത് .............**

A. പരലോക ഗുണത്തിന് വേണ്ടി ചെലവഴിക്കുന്ന കാര്യത്തിൽ

B. ഗുണത്തിന് വേണ്ടി പ്രാർത്ഥിക്കുന്നത്

C. ദോഷമോ കെടുതിയോ ബാധിക്കുമ്പോൾ പ്രാർത്ഥിക്കുന്നത്

D. സന്താനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നത്

**2) നബി (സ) പറഞ്ഞു; "ആദമിന്റെ മകനു (മനുഷ്യന്) സ്വർണത്തിന്റെ രണ്ടു താഴ്വരകൾ ഉണ്ടായെങ്കിൽ അവൻ മൂന്നാമത്തേതിനും വ്യാമോഹിക്കുന്നതാണ്. ആദമിന്റെ മകന്റെ ................ നിറയുകയില്ല"**

A. ഖബർ ഇരുട്ടു കൊണ്ടല്ലാതെ

B. ആഗ്രഹം ധനം കൊണ്ടല്ലാതെ

C. വയറ് മണ്ണു കൊണ്ടല്ലാതെ

D. മനസ് ദിക്ർ കൊണ്ടല്ലാതെ

**3) മനുഷ്യൻ ആശ മുറിഞ്ഞു നിരാശനാകുന്നത് എപ്പോഴാണ് ?**

A. ആരോഗ്യം, ധനം, സൗഖ്യം തുടങ്ങിയ ഗുണങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ

B. കഷ്ടത നീങ്ങി സന്തോഷം ലഭിച്ചുകൊണ്ടിരിക്കുമ്പോൾ

C. അവനെ ദോഷം ബാധിച്ചാൽ

D. അവൻ അഹങ്കാരിയും അവകാശവാദിയുമായി മാറുമ്പോൾ

**4) " ഇത് എനിക്ക് അർഹതയുള്ളതാണ് " എന്ന് മനുഷ്യൻ പറയുന്നത് എപ്പോൾ ?**

- [x] A. അവനെ ബാധിച്ച കഷ്ടതക്ക് ശേഷം വല്ല കാരുണ്യവും അല്ലാഹു അവനെ ആസ്വദിപ്പിച്ചാൽ
- [ ] B. റബ്ബിന്റെ കാരുണ്യം ആസ്വദിച്ചതിന് ശേഷം എന്തെങ്കിലും കഷ്ടത അവനെ ബാധിച്ചാൽ
- [ ] C. അവന്റെ അന്ത്യസമയം അടുത്ത് എത്തിയെന്ന് ബോധ്യപെടുമ്പോൾ
- [ ] D. അവൻ പ്രവർത്തിച്ചതിന്റെ ഫലമായി കടുത്ത ശിക്ഷ അവനെ ആസ്വദിപ്പിച്ചാൽ

**5) "അവൻ അവന്റെ പാർശ്വവുമായി അകന്നു പോയി" എന്ന് പറഞ്ഞാൽ ............. എന്താണ് ?**

- [ ] A. അവൻ അവന്റെ ആൾക്കൂട്ടത്തിലേക്ക് തന്നെ മടങ്ങി
- [ ] B. അവൻ അവന്റെ സ്വന്തക്കാർക്ക് മാത്രമായി നൽകി
- [ ] C. അവൻ ലക്ഷ്യബോധമില്ലാതെ ജീവിതം നയിച്ചു
- [x] D. അവൻ നന്ദിയില്ലാതെ അഹംഭാവം നടിച്ചുനിന്നു

**6) "അവനെ ദോഷം സ്പർശിച്ചാൽ അവൻ അക്ഷമനായിരിക്കും. അവനെ ഗുണം സ്പർശിച്ചാൽ അവൻ തടസ്സം വരുത്തുന്നവനുമായിരിക്കും." മനുഷ്യർ പൊതുവെ ഇങ്ങനെയായിരിക്കും. എന്നാൽ ചില 'ഗുണങ്ങളുള്ളവർ' അത്തരം സ്വഭാവത്തിൽ നിന്ന് ഒഴിവായിരിക്കുമെന്ന് അല്ലാഹു എടുത്തു പറഞ്ഞിട്ടുണ്ട്. ആ 'ഗുണങ്ങളിൽ' ഉൾപെടുന്നതാണ് ...**

- [ ] A. നമസ്കാരം പതിവാക്കുക, നമസ്കാരത്തെക്കുറിച്ചു സൂക്ഷ്മതയുണ്ടായിരിക്കുക
- [ ] B. ചോദിച്ചുവരുന്നവർക്കും ചോദിക്കാൻ മടിക്കുന്നവർക്കും ദാനധർമ്മങ്ങൾ ചെയ്യുക
- [ ] C. അന്ത്യനാളിനെക്കുറിച്ചു വിശ്വാസമുണ്ടായിരിക്കുക, അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചു ഭയമുണ്ടായിരിക്കുക.
- [x] D. മുകളിൽ നൽകിയ ഗുണങ്ങൾ എല്ലാം ഉൾപ്പെടുന്നു

**7) വിദൂരമായ കക്ഷി മത്സരത്തിൽ സ്ഥിതി ചെയ്യുന്നവരെക്കാൾ വഴിപിഴച്ചവർ ആരാണ്? ഈ ചോദ്യം കൊണ്ടുദ്ദേശിച്ചിട്ടുള്ളത് ആരെയാണ്?**

- A. സാക്ഷ്യം നിർവ്വഹിക്കാത്തവർ
- B. ചാരിത്രശുദ്ധിയെ സംശയിക്കുന്നവർ
- C. ഖുർആനെയും അതിന്റെ സിദ്ധാന്തങ്ങളെയും നിഷേധിക്കുന്നവർ
- D. വിശ്വസ്തത പാലിക്കാത്തവർ

**8) "അങ്ങനെ, അത് യഥാർത്ഥം തന്നെയാണെന്നു അവർക്കു സ്പഷ്ടമായിത്തീരുന്നതാണ്" ; എന്തിനെകുറിച്ചാണ് വചനത്തിൽ പ്രതിപാദിച്ചിട്ടുള്ളത് ?**

- A. വിചാരണ
- B. പരലോക ശിക്ഷ
- C. പുനർ ജീവിപ്പിക്കൽ
- D. ഖുർആൻ

**9) എന്നിരിക്കെ മറ്റു വല്ല തെളിവിന്റെയും ആവശ്യമുണ്ടോ എന്നർത്ഥത്തിൽ "അത് തന്നെ മതിയാകയില്ലേ" എന്ന് അല്ലാഹു വചനത്തിൽ ചോദിക്കുന്നുണ്ടല്ലോ; എന്താണ് ആ തെളിവ് ?**

- A. പരിശുദ്ധ ഖുർആനാകുന്ന തെളിവ്
- B. മലക്കുകൾ നന്മ തിന്മകളെ രേഖപ്പെടുത്തുന്നത്
- C. രക്ഷിതാവായ അവൻ എല്ലാ കാര്യത്തിനും ദൃക്സാക്ഷിയാണെന്നുള്ളത്
- D. മനുഷ്യന്റെ അവയവങ്ങൾ അവനെതിരെ സാക്ഷി പറയുന്നത്

**10) ഖുർആനിനെ നിഷേധിക്കുന്നവരുടെ നിഷേധത്തിന്റെ മൂലകാരണമാണ് അവസാനത്തെ വചനത്തിന്റെ ആദ്യത്തെ വാക്യം. എന്താണത് ?**

- A. നിശ്ചയമായും അവർ തങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിനെ കുറിച്ച് സന്ദേഹത്തിലാണ്
- B. നിശ്ചയമായും, അവൻ എല്ലാ വസ്തുവെയും വലയം ചെയ്തവനാകുന്നു
- C. ഓരോ കാര്യത്തിലും വേണ്ടുന്ന നടപടികൾ അവൻ എടുക്കാതെ വിട്ടുകളയുന്നതല്ല
- D. അല്ലാഹുവിന്റെ അറിവിലും, കഴിവിലും ഉൾപെടാത്തതായി യാതൊന്നും തന്നെയില്ല

VR#08

---

## 1) താഴെ നൽകിയ കേവലാക്ഷരങ്ങളിൽ കൂട്ടത്തിൽ ഉൾപെടാത്തത് ഏത് ?

- A. ع ഐൻ
- B. ج ജീം
- C. س സീൻ
- D. ق ഖാഫ്

## 2) പ്രതാപശാലിയും അഗാധജ്ഞനുമായ അല്ലാഹു, നബി(സ)ക്കും മുൻ പ്രവാചകന്മാർക്കും നൽകി വന്നിരുന്ന കാര്യമാണ് .....

- A. അന്ത്യനാളിന്റെ അറിവ്
- B. വഹ്‌യ് (ദിവ്യബോധനം)
- C. ആകാശ ഭൂമികളെ കുറിച്ചുള്ള സൃഷ്ടി രഹസ്യങ്ങൾ
- D. അദൃശ്യകാര്യങ്ങളെ കുറിച്ചുള്ള അറിവ്

## 3) "ആകാശങ്ങൾ പൊട്ടിപ്പിളരുമാറാകുന്നുവെന്ന് " പറഞ്ഞതിന്റെ താൽപര്യം എന്താണ് ?

- A. അല്ലാഹുവിന്റെ മഹത്വവും ശക്തി പ്രഭാവവും അത്രമേൽ വമ്പിച്ചതാകുന്നുവെന്ന് കാണിക്കുകയാണ്

B. ബിഗ്ബാങ്ങ് പോലെയുള്ള പൊട്ടിത്തെറികൾ ഇപ്പോളും നടന്നുകൊണ്ടിരിക്കുന്നു, പ്രപഞ്ചം വികാസം പ്രാപിച്ചുകൊണ്ടിരിക്കുകയുമാണ്

C. പ്രപഞ്ചം അതിന്റെ തകർച്ചയിലേക്കും ഇല്ലായ്മയിലേക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്

D. മലക്കുകൾ ആകാശത്തിൽ നിന്ന് ഭൂമിയിലേക്കും ഭൂമിയിൽ നിന്ന് ആകാശത്തിലേക്കും സഞ്ചാരം നടത്തുന്നുണ്ടെന്ന് പഠിപ്പിക്കുക

## 4) മലക്കുകൾ മനുഷ്യർക്ക് വേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ് ......... ?

A. അവർ വിശ്രമമില്ലാതെ തസ്ബീഹ് ചെയ്യുന്നു

B.അവർ വിശ്വാസികൾക്ക് വേണ്ടി പാപമോചനം നടത്തികൊണ്ടിരിക്കുന്നു

C. അവർ മനുഷ്യർക്കുള്ള ഉപജീവനവുമായി കടന്നു വരുന്നു

D. അവർ ക്ഷീണമില്ലാതെ ബൈതുൽ മഅമൂറിൽ ആരാധന നടത്തിക്കൊണ്ടിരിക്കുന്നു

## 5) "അവരെപ്പറ്റി അല്ലാഹു സൂക്ഷിച്ചു (വീക്ഷിച്ചു) കൊണ്ടിരിക്കുന്നവനാകുന്നു". ആരെയാണ് അല്ലാഹു സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കുന്നത് ?

A.അല്ലാഹുവിന് പുറമെ വലിയ്യ് (കാര്യകർത്താക്കളെ) കളെ സ്വീകരിക്കുന്നവരെ

B തിന്മയിൽ മുഴുകിക്കൊണ്ടിരിക്കുന്ന എല്ലാ കുറ്റവാളികളെയും

C. അല്ലാഹുവിൽ കാര്യങ്ങൾ ഭരമേൽപ്പിച്ച് മുന്നോട്ട് കൊണ്ട് പോകുന്നവരെ

D. സത്യവിശ്വാസികളിൽ നിന്നും അവിശ്വാസികളിൽ നിന്നുമുള്ള എല്ലാ മനുഷ്യരെയും

## 6) അറബി ഭാഷയിലുള്ള ഒരു ഗ്രന്ഥത്തെ നബിക്ക് അല്ലാഹു നൽകിയത് എന്തിന് വേണ്ടിയാണ് ?

A. ഉമ്മുൽ ഖുറായിലുള്ള ആളുകളെ താക്കീത് ചെയ്യാൻ വേണ്ടി

B. ഉമ്മുൽഖുറയുടെ ചുറ്റുപാടുള്ള നാടുകളിലുള്ളവരെ താക്കീത് ചെയ്യാൻ വേണ്ടി

C. ഒരുമിച്ച് കൂട്ടുന്ന ദിവസത്തെക്കുറിച്ച് എല്ലാവരെയും താക്കീത് ചെയ്യാൻ വേണ്ടി

D. മുകളിൽ നൽകിയവയെല്ലാം അതിന്റെ ഉദ്ദേശ്യങ്ങളിൽ ഉൾപ്പെടുന്നു

**7) ഉമ്മുൽഖുറാ أُمَّ الْقُرَىٰ എന്നാൽ ........... എന്നാണർത്ഥം, .................രാജ്യമാണ് ഉദ്ദേശ്യം.**

- A. അലംഘനീയമായ പ്രദേശം, ഇരുഹറമുകളും ഉൾപ്പെടുന്ന
- B. ഗ്രാമങ്ങളുടെ ഉമ്മ, മദീന
- C. പ്രവാചകന്റെ ഭരണകേന്ദ്ര, മദീന
- D. രാജ്യങ്ങളുടെ മാതാവ് അഥവാ കേന്ദ്രം, മക്ക

**8) അന്നേ ദിവസം ഒരു കക്ഷി സ്വർഗ്ഗത്തിലും, ഒരു കക്ഷി ജ്വലിക്കുന്ന നരകത്തിലുമായിരിക്കും, ഈ ദിവസത്തിനെ വചനത്തിൽ പരാമർശിച്ചത് ..........................**

- A. യൗമുൽ ജംഅ് يَوْمَ ٱلْجَمْعِ
- B. യൗമുൽ ഖിയാമ : يَوْمَ الْقِيَامَة
- C. യൗമുൽ ആഖിർ : يَوْمَ الآخِرِ
- D. യൗമുൻ അളീം : يَوْمٍ عَظِيمٍ

**9) "വമൻ ഹൗലഹാ وَمَنْ حَوْلَهَا" (അതിന് ചുറ്റുമുള്ളവർ) എന്ന് പറഞ്ഞത് കൊണ്ട് ഉദ്ദേശിക്കുന്നവർ ആര് ?**

- A. മക്കാ നിവാസികളല്ലാത്ത എല്ലാ ജനങ്ങളും
- B. മക്കയിലെ മസ്ജിദുൽ ഹറമിന്റെ പരിസരത്തുള്ളവർ
- C. മക്കയിൽ വസിക്കുന്ന എല്ലാ ജനങ്ങളും
- D. മക്കയുടെ ഏറ്റവും അടുത്ത പ്രദേശത്തുള്ള ജനങ്ങൾ

**10) "അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവരെ (മനുഷ്യരെ) അവൻ ഒരേ സമുദായമാക്കുമായിരുന്നു", പക്ഷേ, അങ്ങിനെയല്ല അവൻ ഉദ്ദേശിച്ചിരിക്കുന്നത്. എന്താണ് അല്ലാഹു ഉദ്ദേശിച്ചിട്ടുള്ളത് ?**

- A. അല്ലാഹുവിന്റെ കൽപനാ നിർദ്ദേശങ്ങൾക്കനുസരിച്ച് അവന്റെ കാരുണ്യത്തിനു വിധേയരാകുന്ന സന്മാർഗ്ഗികളുണ്ടാകണം

B. അക്രമജീവിതം കൈകൊണ്ട് അവന്റെ ശിക്ഷക്കു പാത്രങ്ങളാകുന്ന ദുർമാർഗ്ഗികളുമുണ്ടാകണം

C. മുകളിൽ നൽകിയ രണ്ടു തരക്കാരായിരിക്കണം എന്നാണ് അവൻ നിശ്ചയിച്ചിരിക്കുന്നത്

D. മനുഷ്യർക്ക് യാതൊരു രക്ഷാകർത്താവുമില്ല, സഹായകനുമില്ല

VR#09

## 1) "എന്നാൽ വാസ്തവത്തിൽ അല്ലാഹുവത്രെ രക്ഷാകർത്താവ്................. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാണ്"

A. അവൻ സൃഷ്ടി ആരംഭിക്കുന്നു

B. അവൻ തന്നെ സൃഷ്ടി ആവർത്തിക്കുന്നു

C. അവൻ തന്നെ നിങ്ങളെ മരിപ്പിക്കുന്നു

D. അവൻ തന്നെ മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്യുന്നു

## 2) മതസംബന്ധമായ അഭിപ്രായ വ്യത്യാസങ്ങളിൽ വിധികൽപിക്കുവാനുള്ള യഥാർത്ഥ അധികാരം അല്ലാഹുവിനുമാത്രമാണ്. എന്നാൽ, പരസ്പരം വല്ല കാര്യത്തിലും ഭിന്നിപ്പുണ്ടായാൽ, ......................

A. പണ്ഡിതന്മാർക്ക് സ്വന്തം വകയായി പുതിയ നിയമം മതത്തിൽ ആവിഷ്കരിക്കാം

B. പ്രവാചകൻമാർക്ക് സ്വന്തം വകയായി പുതിയ നിയമം മതത്തിൽ ആവിഷ്കരിക്കാം

C. ഓരോരുത്തർക്കും അവരുടെ ആവശ്യാനുസരണം നിയമം മതത്തിൽ ആവിഷ്കരിക്കാം

D. അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കണം

## 3) വചനത്തിൽ لَيْسَ كَمِثْلِهِ شَىْءٌ എന്നാൽ അർത്ഥമാക്കുന്നത് എന്താണ് ?

A. അവന് തുല്യമായി ആരുമില്ല

- B. അവനെപ്പോലെ യാതൊരു വസ്തുവും ഇല്ല
- C. അവൻ ആരെയും പോലെയല്ല
- D. യാതൊരു വസ്തുവും അവനെ അധീനമെടുക്കിന്നില്ല

**4) അല്ലാഹുവിന്റെ പരിശുദ്ധ സത്തയിലോ, ഉൽകൃഷ്ട ഗുണങ്ങളിലോ,, പ്രവർത്തനങ്ങളിലോ, അധികാരാവകാശങ്ങളിലോ അവനെപ്പോലെ – അവനു തുല്യമായോ, കിടയൊത്തോ – യാതൊന്നും തന്നെ ഇല്ല. ഇതിൽ ഏതെങ്കിലും ഒന്നിൽ അവനോടു തുല്യതയോ, സമത്വമോ കൽപിക്കുന്നതിനാണ് ............... എന്ന് പറയുന്നത്**

- A. ശിർക്ക് അഥവാ ബഹുദൈവവിശ്വാസം
- B. നിഫാഖ് അഥവാ കാപട്യം
- C. അവിശ്വാസം
- D. കുഫ്ർ അഥാവാ നിഷേധം

**5) "ആകാശങ്ങളുടെയും, ഭൂമിയുടെയും,..................... അവന്റേതാകുന്നു", വചനഭാഗത്തിൽ നിന്നും പൂരിപ്പിക്കുക**

- A. സൃഷ്ട്ടികർത്താവാകുന്നു
- B. ഖജനാക്കളുടെ താക്കോലുകൾ
- C. ആധിപത്യം
- D. നിയന്ത്രണം

**6) നൂഹ് (അ)യോടും, ഇബ്രാഹീ(അ)മിനോടും, മൂസാ(അ)യോടും ഈസാ(അ)യോടും അല്ലാഹു കൽപിച്ചരുളിയതും എന്താണോ അതു തന്നെ അവൻ നിങ്ങൾക്കു മതമായി നിയമിച്ചു തന്നിരിക്കുന്നു. എന്താണങ്ങനെ അല്ലാഹു കൽപിച്ചരുളിയത് ?**

- A. ഈ മതത്തെ നിങ്ങൾ നിലനിറുത്തണം, അതിൽ നിങ്ങൾ ഭിന്നിച്ചുപോകരുത് എന്ന്
- B. ബഹുദൈവവിശ്വാസികളെ നിങ്ങൾക്ക് ഭാരപ്പെട്ടതായിരിക്കുകയാണ്

- C. അല്ലാഹു ഉദ്ദേശിക്കുന്നവരെ നിങ്ങൾ തിരഞ്ഞെടുക്കുക
- D. വിനയപ്പെട്ടു മടങ്ങുന്നവർക്കു മാർഗ്ഗദർശനം നൽകുക

### 7) ബഹുദൈവവിശ്വാസികൾക്ക്, വമ്പിച്ച [ഭാരപ്പെട്ട] തായിരിക്കുന്നത് എന്താണ് ?

- A. ക്ഷമകൈകൊള്ളുക
- B. അവരുടെ കർമ്മങ്ങൾ
- C. തൗഹീദിൽ അധിഷ്ഠിതമായ ഇസ്ലാം മതം സ്വീകരിക്കുന്നത്
- D. അവരുടെ നാട്ടാചാരങ്ങൾ

### 8) ആർക്കാണ് അല്ലാഹു തന്റെ അടുക്കലേക്കു മാർഗ്ഗദർശനം നൽകുന്നത് ?

- A. മുസ്ലിംകൾക്ക്
- B. വിനയപ്പെട്ടു മടങ്ങുന്നവർക്ക്
- C. വേദക്കാരിൽ ചില വിഭാഗങ്ങൾക്ക്
- D. മനസ്സിൽ ആഗ്രഹിക്കുകയും പ്രതീക്ഷ വെക്കുന്നവർക്കും

### 9) "ആരെങ്കിലും ഇസ്ലാമിനെയല്ലാതെ മതമായി അന്വേഷിക്കുന്നപക്ഷം അതു അവനിൽനിന്നു സ്വീകരിക്കപ്പെടുന്നേതേയല്ല. പരലോകത്തു അവൻ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിലുമായിരിക്കും", ഈ വചനം ഉൾക്കൊള്ളുന്നത് ഏത് സൂറത്തിലാണ് ?

- A. സൂറഃ അൽ ബഖറ
- B. സൂറഃ ആലു ഇമ്രാൻ
- C. സൂറഃ നിസ്സാ
- D. സൂറഃ മാഇദ

### 10) "തങ്ങൾക്ക് അറിവ് വന്നെത്തിയശേഷമല്ലാതെ അവർ ഭിന്നിച്ചിട്ടില്ലതാനും", അവർ ഭിന്നിക്കാനുള്ള കാരണം എന്താണ്?

- A. ഒരു നിശ്ചിത അവധിവരെ അവർ കാത്തിരുന്നത്
- B. അവർ ആശങ്കാപരമായ സംശയത്തിലായതുകൊണ്ട്
- C. അവർ വേദഗ്രന്ഥം അനന്തരാവകാശമായി നൽകപ്പെട്ടവരായത് കൊണ്ട്
- D. അവർക്കിടയിലുള്ള ധിക്കാരം നിമിത്തം

VR#010

## 1) "നബിയേ ആകയാൽ അതിലേക്കു ക്ഷണിച്ചുകൊള്ളുക, നിന്നോടു കൽപിക്കപ്പെട്ടപ്രകാരം നീ ചൊവ്വായി നിലകൊള്ളുകയും ചെയ്യുക, ........................, നീ പറഞ്ഞേക്കുകയും ചെയ്യുക." വചനത്തിൽ നിന്നും വിട്ടഭാഗമാണ് ?

- A. അവരുടെ ഇച്ഛകളെ പിൻപറ്റുകയും അരുത്
- B. അവരോട് നല്ല രീതിയിൽ സംവദിക്കുക
- C. അവരോട് ന്യായവാദം നടത്താതിരിക്കുക
- D. അവരോട് ബന്ധം പുലർത്താതിരിക്കുക

## 2) വേദക്കാരോട് പറയാനായി നബി(സ)യോട് അല്ലാഹു വചനത്തിലൂടെ കൽപ്പിച്ചിട്ടുള്ളത് എന്താണ് ?

- A. വേദഗ്രന്ഥമായിക്കൊണ്ട് അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതിൽ മുഴുവനും ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതി പാലിക്കുവാൻ എന്നോടു കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.
- B. അല്ലാഹു ഞങ്ങളുടെ റബ്ബും, നിങ്ങളുടെ റബ്ബുമാകുന്നു. ഞങ്ങളുടെ കർമ്മങ്ങൾ ഞങ്ങൾക്ക്; നിങ്ങളുടെ കർമ്മങ്ങൾ നിങ്ങൾക്കും.
- C. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ന്യായവാദം ഇല്ല. അല്ലാഹു നമ്മുടെ ഇടയിൽ ഒരുമിച്ചുകൂട്ടുന്നതാണ്. അവനിലേക്കാണ് തിരിച്ചെത്തലും
- D. എല്ലാം ഉൾപ്പെടുന്നു

## 3) അല്ലാഹുവിന്റെ മതത്തിന് സ്വീകരണം ലഭിച്ച ശേഷം അവന്റെ കാര്യത്തിൽ ന്യായവാദം നടത്തുന്നവർക്ക് .............

- A. കർമ്മങ്ങളിൽ വർധനവും പ്രതിഫലവുമുണ്ടായിരിക്കും
- B. അല്ലാഹുവിന്റെ കോപവും കഠിനമായ ശിക്ഷയുമുണ്ടാകും
- C. കഠിനമായ വിചാരണ തന്നെയായിരിക്കും
- D. അല്ലാഹുവിന്റെ സംരക്ഷണവും മേൽനോട്ടവുമിണ്ടായിരിക്കും

## 4) "അല്ലാഹുവത്രെ ............ ഇറക്കിയവൻ "

- A. നിങ്ങൾക്ക് വഴിയും മാർഗവും
- B. വിശ്വാസികളിൽ സ്ഥിരതയും സമചിത്തതയും
- C. യഥാർത്ഥ പ്രകാരം വേദഗ്രന്ഥവും തുലാസും
- D. മനസുകളിൽ കാരുണ്യവും കനിവും

## 5) ആരാണ് വിദൂരമായ വഴിപിഴവിൽ തന്നെയാകുന്നത് ?

- A. അന്ത്യസമയത്തിന്റെ കാര്യത്തിൽ ഭയചകിതമായി നിലകൊള്ളുന്നവർ
- B. അന്ത്യസമയത്തിന്റെ അടയാളങ്ങളെ ആരായുന്നവർ
- C. അന്ത്യസമയത്തിന്റെ കാര്യത്തിൽ തർക്കം നടത്തുന്നവർ
- D. അന്ത്യസമയത്തിനെ പറ്റി അന്വേഷിച്ചവൻ

## 6) ഒരേ വചനത്തിൽ വന്ന അല്ലാഹുവിന്റെ നാമ വിശേഷണങ്ങൾ താഴെ നൽകുന്നു, ഒന്നൊഴികെ, വചനത്തിൽ നിന്നല്ലാത്തത് ഏത് ?

- A. لَطِيفٌ സൗമ്യമുള്ളവൻ
- B. الْقَوِيُّ ശക്തൻ
- C. رَازِق ഉപജീവനം നൽകുന്നവൻ
- D. الْعَزِيزُ പ്രതാപശാലി

## 7) ഇഹലോകത്തെ കൃഷി ആഗ്രഹിക്കുന്നവർക്ക് ലഭിക്കാൻ പോകുന്നത് എന്ത് ?

- A.അവർക്ക് ഇഹലോകത്തും പരലോകത്തും പ്രത്യേകം നന്മകളായി ഒന്നും തന്നെയുണ്ടാവുകയില്ല

B. അവർക്ക് ഇഹലോകത്തും പരലോകത്തും ധാരാളം വരുമാനം അല്ലാഹു ഏർപ്പെടുത്തി കൊടുക്കും

C. അവർക്ക് ഇഹലോകത്ത് ഒന്നും തന്നെ ലഭിക്കുകയില്ല, എന്നാൽ പരലോകത്ത് വമ്പിച്ച നന്മകൾ ഉണ്ടായിരിക്കും

D. ഇഹലോകത്തുള്ള കൃഷി അഥവാ വരുമാനം അവനുണ്ടായിരിക്കും, എന്നാൽ അവർക്ക് പരലോകത്ത് ഒരു ഓഹരിയും ഉണ്ടാവില്ല

## 8) ആരുടെ പ്രവർത്തനങ്ങളാണ് അല്ലാഹു നന്ദി പൂർവ്വം സ്വീകരുക്കുന്നത് ?

A. പരലോകത്തെ ഉദ്ദേശിച്ച് വിശ്വാസിയായി അതിനുവേണ്ടി പരിശ്രമിക്കുന്നവന്റെ കർമ്മങ്ങൾ

B. ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ കർമ്മങ്ങൾ

C. ക്ഷണികമായതിനെ ആഗ്രഹിക്കുന്നവരും, കൂടെ ഇടക്ക് പരലോകത്തിന് വേണ്ടി പ്രയത്നിക്കുകയും ചെയ്യുന്നവരുടെ കർമ്മങ്ങൾ

D. ദൈവ പ്രീതിയും കൂടെ മറ്റു നന്മകളും കാംക്ഷിച്ചു സംഭാവന ചെയ്യുന്നവരുടെ പ്രയത്നങ്ങൾ

## 9) കൃഷി സ്ഥലം, ഉഴവ്, കൃഷി എന്നൊക്കെയാണ് حَرْث എന്ന വാക്കിന്റെ അർത്ഥമെങ്കിലും .............. എന്നതാണ് ഇവിടെ വിവക്ഷപ്പെടുന്നത്.

A. കർമ്മങ്ങൾ ഒരുക്കുന്ന ഇടങ്ങൾ

B. പരലോകത്തിലെ അണമുറിയാത്ത ഓഹരി

C. പ്രവർത്തന ഫലങ്ങളാകുന്ന നേട്ടങ്ങൾ

D. റബ്ബിന്റെ അനുഗ്രഹങ്ങളിലുള്ള വർധനവ്

## 10) "അതല്ല, ഒരുപക്ഷെ അല്ലാഹു അനുവാദം നല്കിയിട്ടില്ലാത്ത വല്ലതും മതത്തിൽ പെട്ടതായി തങ്ങൾക്ക് നിയമിച്ചുകൊടുത്തിട്ടുള്ള വല്ല ...................അവർക്കുണ്ടോ?"

A. വാക്കും (മുമ്പ്)

B. ന്യായവിധികളും

C. പങ്കാളികളും

D. ഗ്രന്ഥവും

VR#11

### 1) പരലോകത്ത് അക്രമികളെ ഭയപ്പെടുന്നവരായി കാണപ്പെടും; അവർ എന്തിനെ കുറിച്ചാണ് അന്ന് ഭയപ്പെടുന്നത് (വചനത്തിൽ പ്രതിപാദിച്ചിട്ടുള്ളത്) ?

A. അവർ അനുഭവിച്ച ഭൗതിക ശിക്ഷയെ കുറിച്ച്

B. അവർ സമ്പാദിച്ചു വെച്ചതിനെപറ്റി

C. അവർ മലക്കുകളെ നേരിൽ കാണുന്നതിനെ പറ്റി

D. അവരുടെ വിചാരണ നേരെത്തെയാക്കുന്നതിനെ തൊട്ട്

### 2) "വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ ............. ൽ ആയിരിക്കും"

A. ജന്നാത്തുൽ ഫിർദൗസ് (جَنَّاتُ الْفِرْدَوْس)

B. ജന്നാത്തി അദ്ൻ (جَنَّاتِ عَدْن)

C. റൗദാത്തിൽ ജന്നാത് (رَوْضَاتِ ٱلْجَنَّات)

D. ജന്നാതിന്നഈം (جَنَّاتِ النَّعِيم)

### 3) അടുത്ത ബന്ധത്തിലുള്ള സ്നേഹം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ........

A. പ്രവാചകനോടുള്ള മക്കക്കാർക്കുള്ള കുടുംബബന്ധം കാണിക്കുക

B. അല്ലാഹുവിനെ അനുസരിച്ചു അവന്റെ അടുപ്പം സമ്പാദിക്കാനുള്ള താൽപര്യമുണ്ടാക്കുക

C. അഹ് ലു ബൈത്തിനോട് ആദരവും സ്നേഹവും കാണിക്കുക

D. മുകളിൽ നൽകിയ മൂന്ന് വ്യാഖ്യാനങ്ങളും ശരിയാണ്

**4) പ്രവാചകൻ (സ) പ്രബോധനത്തിന്റെ പേരിൽ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല, എന്നാൽ പ്രവാചകൻ(സ) തന്റെ ആളുകളോട് ആവശ്യപ്പെട്ടത് എന്ത് മാത്രമായിരുന്നു ?**

A. അധികാരവും പദവിയും

B. സ്വന്തക്കാരിൽ നിന്നുള്ള പരിഗണന

C. ഉന്നത ഗോത്രത്തിൽ നിന്നുള്ള വിവാഹം

D. അടുത്ത ബന്ധത്തിലുള്ള സ്നേഹം

**5) "..................... ന്റെ കാര്യത്തിൽ ഞാൻ നിങ്ങളോട് അല്ലാഹുവിനെ ഓർമ്മപ്പെടുത്തുന്നു" ; നബി(സ) ഇപ്രകാരം ആവർത്തിച്ചു പറഞ്ഞതായി മുസ്‌ലിം (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു.**

A. ബന്ധങ്ങളുടെ പവിത്രത സൂക്ഷിക്കുന്നത്

B. എന്റെ അഹ്ലുബൈത്തിന്റെ കാര്യത്തിൽ

C. എന്റെ ഉമ്മത്തിന്റെ

D. ഉമ്മത്തിന് അനുഗ്രഹങ്ങൾ വർധിക്കുന്നത്

**6) "നിശ്ചയമായും അവൻ (അല്ലാഹു) .................. നെക്കുറിച്ച് അറിയുന്നവനാണ്"; വചനഭാഗത്തിൽ നിന്നും പൂരിപ്പിക്കുക .**

A. നെഞ്ച് [ഹൃദയം] കളിലുള്ളത്

B. ആകാശഭൂമികളിലുള്ളത്

C. ആകാശത്ത് നിന്നും പുറത്തു വരുന്നത്

D. ഭൂമിയിൽ പ്രവേശിക്കുന്നത്

**7) താഴെ നൽകിയവയിൽ ഒന്നിൽ മാത്രം, വചനങ്ങളിൽ വന്നതിൽ നിന്നും 'മാറ്റം' വരുത്തി നൽകിയിട്ടുണ്ട്, അത് കണ്ടെത്തുക.**

- A. അല്ലാഹു മിഥ്യയായുള്ളതിനെ മായിക്കുന്നു
- B. (അല്ലാഹു) യാഥാർത്ഥമായുള്ളതിനെ തന്റെ വചനങ്ങൾ മൂലം യാഥാർത്ഥമായി സ്ഥാപിക്കുന്നു
- C. അവനത്രെ, തന്റെ അടിയാന്മാരിൽ നിന്ന് പശ്ചാത്താപം സ്വീകരിക്കുന്നവൻ
- D. അവൻ തിന്മകൾക്ക് മാപ്പ് കൊടുക്കുകയും നന്മകളെ രേഖപ്പെടുത്തുകയും ചെയ്യുന്നു

## 8) "വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് ..................."

- A. അതിൽ നന്മ വർദ്ധിപ്പിച്ചു കൊടുക്കുന്നതാണ്
- B. അവൻ ഉത്തരം നൽകുന്നു
- C. തന്റെ അനുഗ്രഹത്തിൽ നിന്നും അവർക്കു വർദ്ധിപ്പിച്ചു കൊടുക്കുന്നു
- D. ബി യും സി യും ശരിയാണ്

## 9) അല്ലാഹു അവന്റെ അടിയാന്മാർക്ക് ഉപജീവനം വിശാലമാക്കി കൊടുക്കാതെ അവൻ ഉദ്ദേശിക്കുന്ന ഒരു തോത് അനുസരിച്ച് ഇറക്കികൊടുക്കുകയാണ് ചെയ്യുന്നത്. കാരണമെന്ത് ?

- A. ഭൂമിയിലെ ഉപജീവനത്തെ ക്ലിപ്തപ്പെടുത്തിയത് കൊണ്ട്
- B. ഭൂമിയിലെ ജൈവസമ്പത്തിന്റെ അളവ് പരിമിതമായതിനാൽ
- C. ഉപജീവനം വിശാലമാക്കിയെങ്കിൽ അവർ ഭൂമിയിൽ അതിക്രമം നടത്തുമായിരുന്നു
- D. അങ്ങനെ ഒരു നടപടിക്രമം ആദ്യകാലങ്ങളിലേ സ്വീകരിച്ചു വരുന്നതിനാൽ

## 10) പ്രവാചകൻ(സ), 'എന്റെ ശേഷം നിങ്ങളെപ്പറ്റി ഞാൻ ഭയപ്പെടുന്ന ഒരു കാര്യമാണ്' എന്ന് പ്രസ്താവിച്ചത് എന്തിനെകുറിച്ചാണ് ?

- A. ഇഹലോകജീവിതത്തിന്റെ മോടിയും അലങ്കാരവും തുറന്നുകിട്ടുന്നത്
- B. മതപരവും, ധാർമികവുമായ അധഃപതനം
- C. ഭരണരംഗത്തും സാമൂഹ്യ രംഗത്തും യശസ്സ് നഷ്ടപ്പെട്ടത്

D. അധികാരം അനർഹരായ അധികാരികളിൽ എത്തുന്നത്

VR#12

## 1) സ്തുത്യർഹനായ കൈകാര്യകർത്താവായ അല്ലാഹു, തന്റെ കാരുണ്യം വ്യാപിപ്പിക്കുന്നവനാണ്........ (യോജിക്കുന്നത് തിരഞ്ഞെടുക്കുക)

A. നിരാശപ്പെട്ട മനുഷ്യർക്ക് നേർവഴി നൽകുന്നു

B. ജനങ്ങൾ നിരാശപ്പെട്ടതിനു ശേഷം മഴ ഇറക്കുന്നു

C. ജന്തുക്കളെ കീഴ്പ്പെടുത്തി തന്നിരിക്കുന്നു

D. കൈകാര്യ കർതൃത്വങ്ങൾ സ്വയം തന്നെ നിർവഹിക്കുന്നു

## 2) മനുഷ്യൻ, മലക്ക്, ജിന്ന്, പക്ഷി മൃഗാദികൾ തുടങ്ങിയ എല്ലാ ചരിക്കുന്ന ജീവികൾക്കും ............... എന്ന് പറയാം.

A. ദാബ്ബത്ത് (دَابَّة)

B. ഹയവാൻ (حَيَوَان)

C. ഹശറാത്ത് (حَشَرَات)

D. ദാബ്ബത്തുൽ അർള് (دَابَّة الأَرْض)

## 3) ആകാശഗോളങ്ങളിലും മലക്കുകൾക്കും പുറമേ പലതരം ജീവികൾ ഉണ്ടായിരിക്കാമെന്ന് മനസ്സിലാക്കി തരുന്ന ഒരു വചനഭാഗമാണ്..........

A. അവൻ തന്റെ അടിയാൻമാരെപ്പറ്റി സൂക്ഷ്മജ്ഞാനിയും, കണ്ടറിയുന്നവനുമാണ്

B. അവൻ തന്റെ കാരുണ്യം വ്യാപിപ്പിക്കുന്നവനാണ്

C. ഭൂമിയിൽ നിങ്ങൾ (അല്ലാഹുവിനെ) അസാധ്യമാക്കുന്നവരല്ല

D. ആകാശങ്ങളെയും ഭൂമിയെയും, ജീവജന്തുക്കളായി അവരണ്ടിലും അവൻ വിതരണം ചെയ്തിട്ടുള്ളതിനേയും സൃഷ്ടിടിച്ചത്

## 4) മനുഷ്യനു ബാധിക്കുന്ന ഓരോ ആപത്തും എന്തുകൊണ്ട് സംഭവിക്കുന്നതാണ് ?

A. മനുഷ്യരെ പ്രയാസപ്പെടുത്താൻ ഇബ്‌ലീസ് ചെയ്യുന്നതാണ്

B. എല്ലാ ആപത്തും പിശാചിന്റെ പ്രവർത്തനങ്ങളായി സംഭവിക്കുന്നതാണ്

C. മനുഷ്യ പ്രവർത്തനത്തിന്റെ അനന്തരഫലമായികൊണ്ട് സംഭവിക്കുന്നതാണ്

D. ഓരോ ആപത്തും ഓരോ നിമിത്തമാണ്

## 5) "മനുഷ്യരുടെ അക്രമത്തിനനുസരിച്ച് അല്ലാഹു അവരെ പിടികൂടുകയാണെങ്കിൽ,......................."

A. ഭൂമിയുടെ മുകളിൽ യാതൊരു ജീവജന്തുവെയും അവൻ ബാക്കിവച്ചേക്കുമായിരുന്നില്ല

B. അവർക്ക് നിർണയിക്കപ്പെട്ട അവധിയുടെ കാലം വളരെ ചുരുക്കപ്പെടുമായിരുന്നു

C. ആകാശങ്ങളിലും ഭൂമികളിലുമായി ഒരു ജീവജന്തുവിനെയും വിതരണം ചെയ്യുമായിരുന്നില്ല

D. സമുദ്രങ്ങളിലൂടെ ലക്ഷ്യസ്ഥാനത്ത് എത്തും വിധം അവരുടെ കപ്പലുകൾ സഞ്ചരിക്കുമായിരുന്നില്ല

## 6) നബി(സ) പറഞ്ഞു : എന്തെങ്കിലും ഒരു ബുദ്ധിമുട്ടാകട്ടെ, വിഷമമാകട്ടെ, വ്യസനമാകട്ടെ, ഉപദ്രവമാകട്ടെ, സങ്കടമാകട്ടെ .......................... ഒരു മുസ്ലിമിന് സംഭവിക്കുന്നതായാൽ, അത് നിമിത്തം ..................... (ഹദീസിന്റെ വിട്ടഭാഗം യഥാക്രമം )

A. ഒരു പ്രയാസമാകട്ടെ, അവൻ ക്ഷമ കൈകൊള്ളുന്നവനാണ്

B. ഒരു ആപത്താകട്ടെ, അവൻ താഴ്മയുള്ളവനാകുന്നതാണ്

C. ഒരു മുള്ള് കുത്തുന്നതു പോലും, അല്ലാഹു അവന്റെ തെറ്റുകൾ പൊറുത്തുകൊടുക്കാതിരിക്കുകയില്ല

D. ഒരു താഴ്‌വര താണ്ടുന്നതുപോലും, അവന് ഒരു എളുപ്പം അല്ലാഹു ഏർപ്പെടുത്തി കൊടുക്കുന്നതാണ്

**7) അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് കപ്പലുകൾ ........... (വചനങ്ങളിൽ നിന്നും യോജിക്കാത്തത് തിരഞ്ഞെടുക്കുക)**

A. മലകളെപോലെ ഉയർന്നു കൊണ്ട് സമുദ്രത്തിൽ സഞ്ചരിക്കുന്നു

B. കാറ്റിനെ അവൻ അടക്കിനിർത്തുമ്പോൾ, അവ സമുദ്രത്തിന്റെ മുകളിൽ തങ്ങിനിൽക്കുന്നവയായിത്തീരുന്നു

C. ജനങ്ങൾ പ്രവർത്തിച്ചു വെച്ചതിന്റെ കാരണമായി അവയെ അവൻ നശിപ്പിച്ചു കളഞ്ഞേക്കുന്നതാണ്

D. അവയുടെ കൈകാര്യകർതൃത്വം സ്തുത്യർഹനായ അല്ലാഹുവിനാകുന്നു

**8) "അവർക്ക് ഓടി രക്ഷപ്പെടാവുന്ന ഒരു സ്ഥലവും ഇല്ല എന്ന് അറിഞ്ഞുകൊള്ളുകയും ചെയ്യും"; ആരെയാണ് വചനത്തിൽ ഉദ്ദേശിച്ചിട്ടുള്ളത് ?**

A. തവക്കുൽ ഇല്ലാതെ ആത്മവിശ്വാസത്തിന്റെ പിൻബലത്തിൽ കാര്യങ്ങൾ ചെയ്യുന്നവർ

B. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തർക്കം നടത്തുന്നവർ

C. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ ഭൂമിയിൽ വെച്ച് അശക്തരാക്കുവാൻ ശ്രമിക്കുന്നവർ

D. അല്ലാഹുവിനെ കൈകാര്യകർത്താവായും സഹായിയായും അംഗീകരിക്കാത്തവർ

**9) "നിശ്ചയമായും, അതിൽ, ......................... എല്ലാവർക്കും ദൃഷ്ടാന്തങ്ങളുണ്ട്."**

A. ഉറ്റാലോചിക്കുന്ന

B. ക്ഷമാലുക്കളും നന്ദിയുള്ളവരുമായ

C. ബുദ്ധിയുള്ള

D. ഉൾകാഴ്ച്ചയുള്ള

**10) താഴെ നൽകിയവയിൽ ഒരേ വചനത്തിൽ നിന്നല്ലാത്ത പ്രയോഗമേത് ?**

- A. പലതിനെ സംബന്ധിച്ചും അവൻ മാപ്പ് നൽകുകയും ചെയ്യും.
- B. ഭൂമിയിൽ നിങ്ങൾ (അല്ലാഹുവിനെ) അസാധ്യമാക്കുന്നവരല്ല.
- C. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് ഒരു കാര്യകർത്താവുമില്ല.
- D. (അല്ലാഹുവിന് പുറമെ നിങ്ങൾക്ക്) ഒരു സഹായകനുമില്ല.

---

VR#13

## 1) "നിങ്ങൾക്ക് വല്ല വസ്തുവും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത് .................... ആകുന്നു; അല്ലാഹുവിന്റെ പക്കലുള്ളതാകട്ടെ .................................. ആകുന്നു"

- A. ഐഹിക വിഭവം, നിലനിൽക്കുന്നത്
- B. അവന്റെ എളിയ അനുഗ്രഹം, കൂടുതൽ അനുഗ്രഹം
- C. ഐഹിക ജീവിതത്തിന്റെ ഉപകരണം (വിഭവം); കൂടുതൽ ഉത്തമവും കൂടുതൽ ശേഷിക്കുന്നതും
- D. ഉപകരണം, കൂടുതൽ ശേഷിക്കുന്നതും

## 2) പരലോകത്തുവെച്ച് മുറിഞ്ഞു പോകാത്ത പ്രതിഫലങ്ങൾ ലഭിക്കുന്ന സജ്ജനങ്ങളുടേതായ പത്ത് ഗുണങ്ങളെ തുടർച്ചയായ വചനങ്ങളിൽ അല്ലാഹു എടുത്തു പറഞ്ഞിരിക്കുന്നു. അവയിൽ ആദ്യ വചനത്തിൽ പരാമർശിച്ചത് ................

- A. വിശ്വസിക്കുക, റബ്ബിന്റെ മേൽ കാര്യങ്ങളെ ഭരമേൽപ്പിക്കുക
- B. മഹാപാപങ്ങളിൽ നിന്നും നീചവൃത്തികളിൽനിന്നും ഒഴിഞ്ഞുനിൽക്കുക
- C. കോപം വന്നാൽ പൊറുത്തു കൊടുക്കുക
- D. റബ്ബിന് ഉത്തരം നൽകുക

## 3) സജ്ജനങ്ങളെയും അവരുടെ ഗുണങ്ങളേയും പരാമർശിച്ചപ്പോൾ, ഒരു വചനത്തിൽ മൂന്ന് ഗുണങ്ങളുള്ളവരായി അവരെ പരിചയപ്പെടുത്തുന്നുണ്ട്. അവയാണ് ................

A. മഹാപാപങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുക, നീചവൃത്തികളിൽനിന്നും ഒഴിഞ്ഞുനിൽക്കുക, കൂടിയാലോചന നടത്തുക

B. റബ്ബിന് ഉത്തരം നൽകുക, കാര്യങ്ങളിൽ അന്യോന്യം കൂടിയാലോചന നടത്തുക, നീചവൃത്തികളിൽനിന്നും ഒഴിഞ്ഞുനിൽക്കുക

C. നമസ്കാരം നിലനിറുത്തുക, അല്ലാഹു നൽകിയിട്ടുള്ളതിൽ നിന്ന് ചിലവഴിക്കുക, അതിക്രമം ബാധിച്ചാൽ നടപടി എടുക്കുക

D. മഹാപാപങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുക, നീചവൃത്തികളിൽനിന്നും ഒഴിഞ്ഞുനിൽക്കുക, കോപം വന്നാൽ പൊറുത്തു കൊടുക്കുക

## 4) ഈ സൂറത്തിന്റെ നാമവുമായി ബന്ധപ്പെട്ട സജ്ജനങ്ങളുടെ ഗുണമേതാണ് ?

A. നമസ്കാരം നിലനിർത്തുക

B. തങ്ങളുടെ റബ്ബിന് ഉത്തരം നൽകുക

C. അല്ലാഹു നൽകിയിട്ടുള്ളതിൽ നിന്ന് ചിലവഴിക്കുക

D. കാര്യങ്ങളിൽ അന്യോന്യം കൂടിയാലോചന നടത്തുക

## 5) ആരെയാണ് അല്ലാഹു തിന്മകളെ മൂടിവെച്ച് മാന്യമായ പ്രവേശനം പ്രവേശിപ്പിക്കുന്നത്?

A. കോപം വരുമ്പോൾ സഹിഷ്ണുതയോടെ പെരുമാറുന്നവരെ

B. അല്ലാഹു വിരോധിച്ചിട്ടുള്ള വൻ പാപങ്ങളിൽ നിന്ന് അകന്നു നിൽക്കുന്നവരെ

C. തന്റെ ഇച്ഛകളെ നിയന്ത്രിക്കുന്നവരെ

D. അഭിപ്രായ വ്യത്യാസങ്ങളെ അല്ലാഹുവിലേക്കും പ്രവാചകനിലേക്കും മടക്കുന്നവരെ

## 6) ഊക്കൻ ആരാണെണെന്നാണ് നബി(സ) പഠിപ്പിക്കുന്നത് ?

A. മൽപിടുത്തതിൽ ആളെ വീഴ്ത്തുന്നവൻ

B. ദേഷ്യം വരുമ്പോൾ മനസ്സിനെ സ്വാധീനപ്പെടുത്തുന്നവൻ

C. മനുഷ്യരിലെ അധികാരസ്ഥന്മാരിലെ ഉത്തമന്മാർ

D. എ യും ബി യും ശരിയാണ്

### 7) പ്രവാചകൻ (സ) പഠിപ്പിക്കുന്ന ഒരു ഹദീസിൽ ഭൂമിയുടെ ഉൾഭാഗത്തേക്കാൾ അതിന്റെ ഉപരിഭാഗം നന്നായിരിക്കാൻ വേണ്ടി പറയുന്ന കാര്യങ്ങളിൽ ഉൾപ്പെട്ടത് ഏത് ?

A. ഭൂമിയിൽ നടക്കുന്ന കൂടിയാലോചനകൾ അത് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലങ്ങളിൽ വെച്ചായിരിക്കുക

B. അക്രമം നേരിട്ടാൽ ഭീരുത്വം കൂടാതെ സമൃദ്ധമായ നിലയിൽ അതിനെ ചെറുത്തു നിൽക്കുക

C. മനുഷ്യരിലെ ധനികന്മാർ പിശുക്കന്മാരും അധികാരസ്ഥർ മോശക്കാരും ആവുക

D. മനുഷ്യരിലെ അധികാരസ്ഥന്മാർ ഉത്തമന്മാരും ധനികന്മാർ ഔദാര്യവാന്മാരുമായിരിക്കുക

### 8) "നിശ്ചയമായും അത് മനോ ദാർഢ്യതയുള്ള കാര്യങ്ങളിൽ പെട്ടതാകുന്നു". വചനത്തിൽ സൂചിപ്പിച്ചത് എന്തിനെയാണ് ?

A. തിന്മ ചെയ്തവനോട് അതേ നിലക്ക് തിന്മചെയ്യൽ

B. തിന്മയുടെ കാര്യത്തിൽ അത് അല്ലാഹു നിയമം നടപ്പാക്കുമെന്ന് ധാരണയിൽ ഉറച്ചുവിശ്വസിക്കൽ

C. തിന്മ ചെയ്തവനോട് ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യൽ

D. അക്രമിയോട് ന്യായമായതും ധാർമികമായ എതിർ നടപടികൾ സ്വീകരിക്കൽ

### 9) "തീർച്ചയായും അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല إِنَّهُ لَا يُحِبُّ الظَّالِمِينَ " എന്ന വചനത്തിൽ പ്രതിപാദിച്ച അക്രമി ആരാണ് ?

A. ആദ്യമായി അക്രമം നടത്തിയവൻ മാത്രം

B. പ്രതികാര നടപടിയിൽ അതിര് കവിഞ്ഞവൻ മാത്രം

C.ആദ്യമായി അക്രമം നടത്തിയവൻ മാത്രമല്ല, പ്രതികാര നടപടിയിൽ അതിര് കവിഞ്ഞവനും

D. അക്രമത്തിനും കയ്യേറ്റത്തിനും വിധേയനായവൻ

**10) രണ്ടുപേർ അന്യോന്യം പഴി പറയുമ്പോൾ അക്രമത്തിന് വിധേയനായവൻ അങ്ങോട്ടുള്ള മറുപടിയിൽ അതിര് വിട്ട് പറയാത്തപക്ഷം, രണ്ട് പേരും അന്യോന്യം പറഞ്ഞതിന്റെ കുറ്റം ആരുടെ പേരിലായിരിക്കും?**

- A. കുറ്റം മുഴുവനും പഴികേട്ടവനായിരിക്കും
- B. കുറ്റം മുഴുവനും ആദ്യം പറയുവാൻ തുടങ്ങിയവന്റെ പേരിലായിരിക്കും
- C. രണ്ടുപേരും കുറ്റക്കാരല്ല
- D. ഇരു കൂട്ടർക്കും ഒരേ തിന്മയും ഒരേ ശിക്ഷ നടപടിയും ആയിരിക്കും

VR#14

**1) 'ഒരു തിരിച്ചു പോക്കിന് വല്ല മാർഗവും ഉണ്ടോ?" എന്ന് ആര് എപ്പോൾ പറയുന്നതാണ് ?**

- A) വഴിപിഴവിലായവർ, അവർ വഴികേടിലാണെന്ന് ബോധ്യപ്പെടുമ്പോൾ
- B) അക്രമികൾ, ശിക്ഷയെ കാണുന്ന അവസരത്തിൽ
- C) മുനാഫിഖുകൾ, യുദ്ധത്തിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ
- D) വഴിപിഴവിലായവരും വഴിപിഴപ്പിച്ചവരും, വഴി തെറ്റുമ്പോൾ

**2) നിന്ദ്യതനിമിത്തം, വിനയപ്പെട്ട് ഭക്തി കാണിക്കുന്നവരായ നിലയിൽ അതിന്റെ അടുക്കൽ അവരെ പ്രദർശിക്കപ്പെടുന്നതായി നിനക്ക് കാണാം. ആരെയാണ്, എവിടെയാണ് പ്രദർശിക്കപ്പെടുന്നത്?**

- A) വിശ്വസിച്ചവരെ, സ്വർഗ്ഗത്തിന്റെ അടുക്കൽ
- B) അക്രമികളെ, നരകത്തിന്റെ അടുക്കൽ
- C) സജ്ജനങ്ങളെ, വിചാരണക്കായി നാഥന്റെ മുൻപിൽ
- D) അവിശ്വാസികളെ, വിചാരണക്കായി നാഥന്റെ മുൻപിൽ

**3) "ഗോപ്യമായ ഒരു ദൃഷ്ടിയിലൂടെ അവർ നോക്കുന്നതാണ്" എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം എന്താണ് ?**

A) അഭിമാനവും അഹന്തയും നിമിത്തം കാണേണ്ടത് കാണാതെ സത്യത്തെ ഗോപ്യമായി വെക്കുക

B) അപമാനവും വ്യസനവും നിമിത്തം കണ്ണ് മുഴുവൻ തുറന്ന്നോക്കാതെ ഗോപ്യമായി കട്ടുനോക്കുക

C) ലജ്ജയും കുറ്റബോധവും നിമിത്തം തലതാഴ്ത്തി കണ്ണ് മുഴുവൻ തുറക്കാതെ നോക്കുക

D) അകക്കണ്ണിൽ കാര്യങ്ങളെ നോക്കി കാണുക

### 4) സാക്ഷാൽ നഷ്ടക്കാർ ആരാണ് ?

A) ഖിയാമത്തുനാളിൽ തങ്ങളെയും സ്വന്തക്കാരെയും നഷ്ടപെടുത്തിയവർ

B) മക്കളെയും സമ്പത്തിനെയും നഷ്ടപ്പെടുത്തിയവർ

C) അധികാരത്തെയും ബന്ധുക്കളെയും നഷ്ടപ്പെടുത്തിയവർ

D) ഭാര്യയെയും മക്കളെയും കുടുംബത്തെയും സമ്പത്തിനെയും നഷ്ടപ്പെടുത്തിയവർ

### 5) ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യമുള്ള അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. താഴെ നൽകിയവയിൽ വചനഭാഗത്തെ തെറ്റായി നൽകിയിട്ടുള്ളത് ഏത് ?

A) അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെണ്മക്കളെ പ്രദാനം ചെയ്യുന്നു

B) അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആൺമക്കളെ പ്രദാനം ചെയ്യുന്നു

C) അവർക്ക് [അവൻ ഉദ്ദേശിക്കുന്നവർക്കു] ആണുങ്ങളെയും, പെണ്ണുങ്ങളെയും ഇണകലർത്തിക്കൊടുക്കുന്നു

D) അവൻ ഉദ്ദേശിക്കുന്നവർക്കു അവൻ വന്ധ്യരെയും പ്രദാനം ചെയ്യുന്നു

### 6) 'വഹ്‌യ്(الوَحِي) 'എന്ന പദത്തിന്റെ അർത്ഥത്തിൽ ഉൾപ്പെടാത്തത് .............

A) വേഗം സൂചന നൽകുക

B) ഉറക്കെ സംസാരിക്കുക

C) തോന്നിപ്പിക്കുക

D) സ്വകാര്യമായി അറിയിക്കുക

## 7) ഇൽഹാമിലൂടെ അല്ലാഹു കാര്യങ്ങൾ അറിയിച്ചു കൊടുത്തു എന്ന് പാഠഭാഗത്തിൽ 'പരാമർശിക്കപ്പെടാത്തത്' ആരുടെ കാര്യത്തിലാണ്?

A) നബി (സ)

B) ഇബ്രാഹിം നബി (അ)

C) മൂസാ നബി (അ)

D) മൂസ നബി(അ) യുടെ മാതാവ്

## 8) മറയുടെ പിന്നിൽ നിന്ന് അല്ലാഹു സംസാരിച്ച പ്രവാചകൻ .................

A) ആദം നബി (അ)

B) മൂസ നബി (അ

C) ഇബ്രാഹീം നബി (അ)

D) ഇവരാരുമല്ല

## 9) രിസാലത്ത് അഥവാ പ്രവാചകത്വവുമായി ഏറ്റവും അധികം ചേർന്നുവരുന്നത് ഏതു പ്രസ്താവനയാണ്?

A) ജീവിതവിശുദ്ധി കൊണ്ട് എത്തിച്ചേരേണ്ട പാതയാണ്.

B) പാരമ്പര്യമായി കൈമാറാവുന്നതാണ്.

C) അല്ലാഹു അവൻ ഉദ്ദേശിക്കുന്ന സമയത്ത് അവൻ ഉദ്ദേശിച്ചവർക്ക് അനുഗ്രഹമായി നൽകുന്നത്

D) ആഗ്രഹവും പ്രാർത്ഥനയും അല്ലാഹുവിന്റെ അനുഗ്രഹവും ഒരുമിച്ച് ചേരുമ്പോൾ ലഭിക്കുന്നത്.

## 10) ആത്മാവിന്റെ ജീവൻ എന്ന് വിശേഷിപ്പിച്ചത് എന്തിനെക്കുറിച്ചാണ്?

A) വഹ്‌യ്(الوَحي)

B) ഈമാൻ

C) ജിബ്‌രീൽ

D) ഖുർആൻ

VR#15

## 1) ഖുർആൻ എന്ന പാരായണ ഗ്രന്ഥത്തിന്റെ ഒരു പ്രത്യേകതയാണ് ...........

A. വചനങ്ങൾ സ്പഷ്ടമായത്

B. വചനങ്ങൾ സുവ്യക്തമായത്

C. വചനങ്ങൾ വേർതിരിക്കപ്പെട്ടത്

D. വചനങ്ങൾ ഓതികേൾപ്പിക്കപ്പെട്ടത്

## 2) പ്രവാചകനെ നിഷേധിച്ചവർ ദുരഭിമാനം നടിച്ചു കൊണ്ട് പറഞ്ഞ ചില വാക്യങ്ങൾ അല്ലാഹു എടുത്തുദ്ധരിക്കുന്നുണ്ട്. താഴെ നൽകിയവയിൽ ഒന്ന് വചനത്തിൽ വന്നിട്ടില്ല, ഏത് ?

A. ഞങ്ങളുടെ ഹൃദയങ്ങൾ ഒരു തരം മൂടികളിലാണുള്ളത്

B. ഞങ്ങളുടെ കാതുകളിലുമുണ്ട് ഒരു തരം കട്ടി

C. ഞങ്ങളുടെയും നിന്റെയും ഇടക്കു യോജിക്കാത്തവണ്ണം ഒരു മറയുമുണ്ട്

D. ഞങ്ങളുടെ കണ്ണുകളിലുമുണ്ട് ഒരുതരം മറ

## 3) ആകാശഭൂമികളെ സൃഷ്ടിച്ചത് ആറു ദിവസങ്ങളിലായിട്ടാണെന്ന് ഖുർആൻ പലപ്പോഴും ആവർത്തിച്ചു പറയാറുള്ളതാണ്. അതിന്റെ ഒരു വിശദീകരണം സൂറത്തിലെ വചനങ്ങളിൽ നിന്നും വ്യക്തമാണ്. താഴെ നൽകിയ സമയക്രമങ്ങളിൽ തെറ്റായത് ഏത് ?

A. ഭൂമിയെ സൃഷ്ടിച്ചത് - രണ്ടു ദിവസം

B. ഭൂമിയിൽ പർവതങ്ങൾ സ്ഥാപിച്ചതും ആഹാരത്തിനുള്ള വകകളും മറ്റും വ്യവസ്ഥപ്പെടുത്തിയതും - രണ്ടു ദിവസം

- C. ആകാശത്തിന്റെ കാര്യങ്ങൾ പൂർത്തിയാക്കിയത് - രണ്ടു ദിവസം
- D. ആകാശത്തെ വിളക്കുകൾകൊണ്ട് അലങ്കരിച്ചത് - രണ്ടു ദിവസം

## 4) 'രണ്ടു ദിവസങ്ങൾ يَوْمَيْنِ' എന്ന് സൃഷ്ടിപ്പുമായ ബന്ധപ്പെട്ട ആയത്തുകളിൽ വന്നത് എത്ര തവണയാണ് ?

- A. രണ്ടു തവണ
- B. മൂന്ന് തവണ
- C. ഒരു തവണ
- D. ചോദിക്കുന്നവർക്ക് വേണ്ടി ശരിക്കും നാലു തവണ

## 5) 'ശരിക്ക്' എന്നും 'സമമായിട്ട്' എന്നും അർത്ഥം വരാവുന്ന പദമാണ് .......

- A. سواء (സവാഅൻ)
- B. للسائلين (ലി-സ്സാഇലീൻ)
- C. اَسْتَوَىٰ (ഇസ്താവാ)
- D. أَوْحَىٰ (ഔഹാ)

## 6) "ആദിന്റെയും ഥമൂദിൻെറയും ശിക്ഷ" എന്ന് പറഞ്ഞിട്ടുള്ളത് എന്തായിരുന്നു ?

- A. ഇടിത്തീ അഥവാ ഘോരശിക്ഷ
- B. ശക്തമായ കാറ്റ് അഥവാ തുടർച്ചയായ കാറ്റ്
- C. ഭൂകമ്പം അഥവാ പ്രകമ്പനം
- C. ചരൽ കാറ്റ് അഥവാ ചീത്ത മഴ

## 7) ശക്തിയിൽ ഞങ്ങളെക്കാൾ ഊക്കേറിയവർ ആരാണുള്ളത് എന്ന് ആരാണ് പറഞ്ഞു കൊണ്ടഹങ്കരിച്ചത് ?

- A. ആദ്
- B. സമൂദ്

C. ആദും സമൂദും

D. മുൻസമുദായങ്ങൾ എല്ലാവരും

### 8) അല്ലാഹു സന്മാർഗ്ഗം കാട്ടിക്കൊടുത്തപ്പോൾ, സന്മാർഗ്ഗത്തെക്കാൾ ദുർമാർഗ്ഗത്തോട് അവർ സ്നേഹം കാണിച്ചുകളഞ്ഞു എന്നു പറഞ്ഞിട്ടുള്ളത് ആരെയാണ് ?

A. ആദ്

B. സമൂദ്

C. ആദും സമൂദും

D. മുൻസമുദായങ്ങൾ എല്ലാവരും

### 9) "അല്ലാഹുവിന്റെ ശത്രുക്കൾ അന്നേ ദിവസം .......... "; ഈ സൂറത്തിലെ വചനത്തിൽ നിന്നുമല്ലാത്ത പ്രയോഗമേത് ?

A. നരകത്തിലേക്കു ഒരുമിച്ചു കൂട്ടപ്പെടും

B. നരകത്തിലേക്കു നിയന്ത്രിച്ചു കൊണ്ടുവരപ്പെടുന്നതാണ്

C. നരകത്തിന്റെ അടുക്കൽവരുമ്പോൾ അവരുടെ വായകളിൽ മുദ്ര വെക്കുന്നതാണ്

D. നരകത്തിന്റെ അടുക്കൽവരുമ്പോൾ അവരുടെ അവയങ്ങൾ അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്

### 10) "അവനാണല്ലോ നിങ്ങളെ ഒന്നാം പ്രാവശ്യം സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു" എന്ന് ആര് ആരോട് എപ്പോൾ പറയുന്നതാണ് ?

A. തൊലികൾ അവയുടെ വിശ്വാസിയായ ഉടമയോട്, അവിശ്വാസികളെ നരകത്തിൽ കാണുന്ന സമയത്തിൽ

B. തൊലികൾ അവയുടെ നിഷേധിയായ ഉടമയോട്, അവ അവർക്കെതിരെ സാക്ഷി പറഞ്ഞ സന്ദർഭത്തിൽ

C. വിശ്വാസികൾ നിഷേധിച്ചവരോട്, നരകം കൊണ്ടുവരപ്പെടുമ്പോൾ

D. മലക്കുകൾ എല്ലാവരോടുമായി, മരണ സമയത്ത്

## 11) നബി(സ) പറഞ്ഞു : "നിങ്ങളിൽ ഒരാളും അല്ലാഹുവിനെപ്പറ്റി .................. മരിച്ചു പോകരുത്. കാരണം, അല്ലാഹുവിനെക്കുറിച്ച് ഒരു ജനതയുടെ ..................... അവരെ നാശത്തിലകപ്പെടുത്തിയിരിക്കുന്നു"

- A. ആശയറ്റവനായി, ആശയറ്റ ചിന്തയും നിഷേധവും
- B. നിരാശയുള്ളവരായി, നിരാശാബോധം
- C. ധാരണ നന്നായിക്കൊണ്ടല്ലാതെ, ദുഷിച്ച ധാരണ
- D. കാരുണ്യമില്ലത്തവനായി കരുതി, കാരുണ്യബോധമില്ലായ്മയും അവിശ്വാസവും

## 12) "ഞങ്ങൾ അവരെ ഞങ്ങളുടെ കാലടികൾക്കു താഴെയാക്കി ചവിട്ടിയേക്കട്ടെ", ഇങ്ങനെ ആവശ്യപെടുന്നത് ആരാണ് ? ആരോടാണ് ? ആരെക്കുറിച്ചാണ് ? എവിടെവെച്ചാണ് ?

- A. അവിശ്വസിച്ചവർ, അവരിൽപെട്ടവരോട് തന്നെ, പിശാചുക്കളെ കുറിച്ച്, അവരെ വിചാരണക്കെടുക്കുമ്പോൾ
- B. മനുഷ്യപ്പിശാചുക്കൾ, ജിന്നു പിശാചുക്കളോട്, അവിശ്വസിച്ചവരെക്കുറിച്ച്, മഹ്ശറയിലെ തർക്കത്തിനിടെ
- C. അവിശ്വസിച്ചവർ, റബ്ബിനോട്, മനുഷ്യപ്പിശാചുക്കളെയും ജിന്നു പിശാചുക്കളെയും കുറിച്ച്, നരകത്തിൽ
- D. മനുഷ്യപ്പിശാചുക്കളും ജിന്നു പിശാചുക്കളും, റബ്ബിനോട്, അവിശ്വസിച്ചവരെക്കുറിച്ച്, നരകത്തിൽ

## 13) താൻ ഏറ്റവുമധികം സൂക്ഷിക്കേണ്ട കാര്യമെന്താണെന്നു ഒരു സഹാബി ചോദിച്ചപ്പോൾ പ്രവാചകൻ (സ) ......... എന്നു ഉത്തരം പറഞ്ഞു

- A. അല്ലാഹുവിൽ വിശ്വസിച്ചു എന്നു നീ പറയുക
- B. നാവിലേക്കു ചൂണ്ടിക്കാട്ടിക്കൊണ്ട് 'ഇതാണ്'
- C. സത്യവിശ്വാസത്തിൽ നീ ചൊവ്വായി നിലകൊള്ളുക
- D. ഹൃദയത്തെ

## 14) നല്ല വാക്കു പറയുന്നവൻ ആരാണുള്ളത് എന്ന വചനത്തിന്റെ നിർവചനത്തിൽ ............ ഉൾപ്പെടുന്നില്ല

A. അല്ലാഹുവിലേക്കു ക്ഷണിക്കുക

B. സൽക്കർമ്മം പ്രവർത്തിക്കുക

C. ഞാൻ മുസ്ലിംകളിൽപെട്ടവനാണ് എന്നു പറയുക

D. കൂടുതൽ നല്ലതേതോ അതുകൊണ്ടു നീ തിന്മയെ തടുത്തുകൊള്ളുക

### 15) 'അതിനെക്കുറിച്ചു ചോദിക്കപ്പെട്ടവൻ ചോദ്യകർത്താവിനേക്കാൾ അറിയുന്നവനല്ല' എന്നത് ആര്, ആരോട്, എന്തിനെക്കുറിച്ച്, എപ്പോൾ പറഞ്ഞതാണ് ?

A. ജിബ്രീൽ (അ), നബി(സ)യോട്, അന്ത്യനാളിനെ, സ്വഹാബികൾക്കു മതകാര്യങ്ങൾ മനസ്സിലാക്കി കൊടുക്കാൻ ജിബ്രീൽ (അ) മനുഷ്യരൂപത്തിൽ വന്നപ്പോൾ

B. ജിബ്രീൽ (അ), നബി(സ)യോട്, അല്ലാഹുവിന്റെ അറിവിനെക്കുറിച്ച്, മിഅറാജ് രാത്രിയിൽ

C. നബി(സ), ജിബ്രീൽ (അ)യോട്, ലോകാവസാന സമയത്തെ, സ്വഹാബികൾക്കു മതകാര്യങ്ങൾ മനസ്സിലാക്കി കൊടുക്കാൻ ജിബ്രീൽ (അ) മനുഷ്യരൂപത്തിൽ വന്നപ്പോൾ

D. നബി(സ), ജിബ്രീൽ (അ)യോട്, അന്ത്യനാളിനെ, മിഅറാജ് രാത്രിയിൽ

VR#16

### 1) "പ്രവാചകന്മാർക്ക് അല്ലാഹു ഇപ്രകാരം 'വഹ്യ്' നൽകി വരുന്നു" എന്ന വചനത്തിൽ അല്ലാഹു അവന് നൽകിയ വിശേഷണങ്ങളാണ് ...

A. പ്രതാപശാലി, അഗാധജ്ഞൻ

B. ഉന്നതൻ, മഹാൻ

C. പൊറുക്കുന്നവൻ, കരുണാനിധി

D. കേൾക്കുന്നവൻ, കാണുന്നവൻ

## 2) 'ഭൂമിയിലുള്ളവർക്കുവേണ്ടി മലക്കുകൾ പാപമോചനം തേടുന്നു'; ഭൂമിയിലുള്ളവർക്കുവേണ്ടി' എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് ആരെയാണ്?

A. മുഴുവൻ മനുഷ്യരെയും

B. ഭൂമിയിലെ എല്ലാ ജീവജാലങ്ങളെയും

C. സത്യവിശ്വാസികളെ

D. പ്രവാചകന്മാരെ

## 3) നിന്നിൽ നിന്നും ഞാൻ പുറത്താക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ, ഞാൻ പുറത്തു പോകയില്ലായിരുന്നു എന്ന് ആര് എന്തിനെക്കുറിച്ച് പറഞ്ഞതാണ്?

A. ആദം(അ) സ്വർഗ്ഗത്തെക്കുറിച്ച്

B. നബി(സ) മക്കയെക്കുറിച്ച്

C. ഇബ്രാഹീം (അ) ഇറാഖിലെ ഊർ പട്ടണത്തെക്കുറിച്ച്

D. ഇബ്‌ലീസ് സ്വർഗ്ഗത്തെക്കുറിച്ച്

## 4) ഏഴാമത്തെ വചനത്തിൽ നിന്നുള്ള ആശയങ്ങളെ താഴെ നൽകിയവയിൽ ഒന്ന് തെറ്റാണ്, ഏത്?

A. ഒരുമിച്ചുകൂട്ടുന്ന ദിവസം (يَوْمَ الْجَمْعِ) എന്നു പറഞ്ഞതു ഖിയാമത്തു നാളാകുന്നു

B. അതിന്റെ ചുറ്റുപാടുമുള്ളവരെയും (وَمَنْ حَوْلَهَا) എന്നു പറഞ്ഞത് മക്കാനിവാസികളെ ഉദ്ദേശിച്ചാണ്

C. അന്ന് ഒരു വിഭാഗം ആളുകൾ - -സജ്ജനങ്ങൾ-സ്വർഗ്ഗത്തിലായിരിക്കും

D. അന്ന് മറ്റൊരു വിഭാഗം – ദുർജ്ജനങ്ങൾ – ജ്വലിക്കുന്ന നരകത്തിലായിരിക്കും

## 5) ഇസ്‌ലാമിക വിശ്വാസത്തിൽ മൗലികപ്രധാനമായ ഒരു തത്വമായി വചനത്തിൽ വന്നത് .......

A. അവനെപ്പോലെ ഒരു വസ്തുവും ഇല്ല لَيْسَ كَمِثْلِهِ شَيْءٌ

B. അല്ലാഹു അർശിൽ ആരോഹണം ചെയ്തിരിക്കുന്നു اسْتَوَىٰ عَلَى الْعَرْشِ

C. നിങ്ങൾക്കുവേണ്ടി നിങ്ങളിൽനിന്നു തന്നെ അവൻ ഇണകളെ ഉണ്ടാക്കിത്തന്നിരിക്കുന്നു جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا

D. നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ വിളനിലമാണ് نِسَآؤُكُمْ حَرْثٌ لَّكُمْ

**6) ഒരേ വചനത്തിൽ പേരു പരാമർശിച്ച നാലു പ്രവാചകന്മാർ ആരെല്ലാം ?**

A. നൂഹ് (അ), ഇബ്രാഹീം(അ), ഇസ്മാഈൽ (അ), മൂസാ(അ)

B. നൂഹ് (അ), ഇബ്രാഹീം(അ), മൂസാ(അ), ഈസാ(അ)

C. നൂഹ് (അ), ഇബ്രാഹീം(അ), ഇസ്ഹാഖ് (അ), ഈസാ(അ)

D. ഇബ്രാഹീം(അ), ഇസ്ഹാഖ് (അ), ഇസ്മാഈൽ (അ), ഈസാ(അ)

**7) ഇന്നേദിവസം നിങ്ങൾക്കു നിങ്ങളുടെ മതം ഞാൻ പൂർത്തീകരിച്ചു തന്നിരിക്കുന്നു. നിങ്ങളിൽ എന്റെ അനുഗ്രഹം ഞാൻ പരിപൂർണ്ണമാക്കുകയും ചെയ്തിരിക്കുന്നു. ................................ (മാഇദ 4 )**

A. അല്ലാഹുവിന്റെ അടുക്കൽ മതം ഇസ്ലാമാണ്

B. ഇസ്ലാമിനെയല്ലാതെ മതമായി സ്വീകരിക്കപ്പെടുന്നേതേയല്ല.

C. എല്ലാവർക്കും നാം ഓരോ നിയമമാർഗ്ഗവും രീതിയും ഏർപ്പെടുത്തിയിരിക്കുന്നു

D. നിങ്ങൾക്കു ഞാൻ ഇസ്ലാമിനെ മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു

**8) "സത്യാസത്യങ്ങളെ വേർതിരിക്കാനും തൂക്കിക്കണക്കാക്കുവാനുമുള്ള ............ ഉം ..............ഉം അല്ലാഹു അവതരിപ്പിച്ചിട്ടുണ്ട്"**

A. വഴിയും അതിനുള്ള മാർഗവും

B. രക്ഷയും നേർമാർഗവും

C. രേഖയും വഹ്‌യും

D. തുലാസ്സും വേദഗ്രന്ഥവും

**9) "എല്ലാവർക്കും ഈ വിഭാഗത്തിനും ആ വിഭാഗത്തിനും തന്നെ നിന്റെ റബ്ബിന്റെ ................ നിന്ന് നാം കയ്യയച്ചുകൊടുക്കുന്നതാണ്. നിന്റെ റബ്ബിന്റെ ................ മുടക്കം ചെയ്യപ്പെട്ടതായിരിക്കയില്ല" - ഇസ്രാഉ് 20**

- (●) A.സംഭാവനയിൽ, സംഭാവന
- ( ) B. കാരുണ്യത്തിൽ, കാരുണ്യം
- ( ) C. തൗഫീഖിൽ, തൗഫീഖ്
- ( ) D. വിശാലതയിൽ, വിശാലത

**10) സൽക്കർമ്മികളായ സത്യവിശ്വാസികൾക്കുള്ള സ്വർഗ്ഗത്തെ ........... എന്നാണ് വചനത്തിൽ പരാമർശിച്ചത്**

- (●) A. വലുതായ അനുഗ്രഹം (ശ്രേഷ്ഠത)
- ( ) B. വിശാലമായ അനുഗ്രഹം (ശ്രേഷ്ഠത)
- ( ) C. ഉദ്ദേശിക്കുന്നവർക്കുള്ള അനുഗ്രഹം (ശ്രേഷ്ഠത)
- ( ) D. ആഗ്രഹിച്ചവർക്കുള്ള അനുഗ്രഹം (ശ്രേഷ്ഠത)

**11) അൽ ഖുർബാ (ٱلْقُرْبَىٰ) എന്ന വാക്കിന് വരാവുന്ന അർത്ഥങ്ങളിൽ ........... ഉൾപ്പെടുന്നില്ല**

- ( ) A. കുടുംബബന്ധം
- ( ) B. പുണ്യകർമ്മം
- ( ) C. അടുപ്പം
- (●) D. താൽപര്യം (സ്നേഹം)

**12) എന്റെ കുടുംബം പാലിക്കുന്നതിനേക്കാൾ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് റസൂൽതിരുമേനിയുടെ കുടുംബം പാലിക്കലാകുന്നു എന്നത് ആര് ആരോട് പറഞ്ഞതാണ് ?**

- ( ) A. അലി(റ), അബൂബക്കർ(റ)നോട്
- (●) B. അബൂബക്കർ (റ), അലി (റ)യോട്

C. അലി(റ), ആയിഷ (റ)യോട്

D. അബൂബക്കർ (റ), ആയിഷ (റ)യോട്

**13) 'പലതിനെ സംബന്ധിച്ചും അവൻ മാപ്പ് നൽകുകയും ചെയ്യുന്നു' എന്ന വചനഭാഗത്തിൽ നിന്നും മനസ്സിലാകുന്നത് ............**

A. മനുഷ്യന്റെ പ്രവർത്തികളിൽ പലതും അല്ലാഹു മാപ്പാക്കി വിട്ടുകൊടുത്തു കൊണ്ടിരിക്കുകയാണ്

B. മനുഷ്യന്റെ എല്ലാ പ്രവർത്തികളും അല്ലാഹു മാപ്പാക്കി വിട്ടുകൊടുത്തു കൊണ്ടിരിക്കുകയാണ്

C. മനുഷ്യന്റെ എല്ലാ പ്രവർത്തികൾക്കും ദോഷഫലങ്ങൾ അനുഭവപ്പെടുന്നതാണ്

D. ഒരു നിർണയിക്കപ്പെട്ട അവധി വരേക്കും അവൻ എല്ലാം ഒഴിവാക്കിയിരിക്കുകയാണ്

**14) "നീ അവരുമായി കാര്യത്തിൽ കൂടിയാലോചന നടത്തുക, എന്നിട്ടു നീ തീർച്ചയാക്കിക്കഴിഞ്ഞാൽ അപ്പോൾ ..................................... " (ആലു ഇമ്രാൻ 109 )**

A. ഞങ്ങൾക്ക് അല്ലാഹു മതിയായവനാണ് എന്ന് പറഞ്ഞു കൊള്ളുക

B. അല്ലാഹുവിന്റെമേൽ ഭരമേല്പിച്ചുകൊള്ളുക

C. ഞങ്ങൾ മുസ്ലികളാണ് എന്ന് പ്രഖ്യാപിക്കുക, ചൊവ്വേ നിലകൊള്ളുകയും ചെയ്യുക

D. ഹസ്ബിയല്ലാഹി വ നിഅമൽ വകീൽ എന്ന് പറഞ്ഞു കൊള്ളുക

**15) അല്ലാഹുവിൽ നിന്ന് ദിവ്യസന്ദേശങ്ങൾ മനുഷ്യർക്ക് ലഭിക്കുന്നത് ഏത് പ്രകാരത്തിലായിരിക്കുമെന്ന് അല്ലാഹു ഒരു വചനം മുഖേന അറിയിക്കുന്നുണ്ട്, താഴെ നൽകിയവയിൽ ഒരു ജോഡി തെറ്റായി നൽകിയത് കണ്ടു പിടിക്കുക**

A. ഒരു മറയുടെ പിന്നിൽ നിന്നുള്ള സാംസാരമായിട്ട് - മൂസാ നബി (അ)യോട് സംസാരിച്ചത്

B. ഒരു ദൂതനെ (മലക്കിനെ) അയച്ചു അദ്ദേഹം മുഖേന ബോധനം നൽകൽ - ജിബ്‌രീൽ (അ) - വിശുദ്ധ ഖുർആൻ

C. ബോധനമായിട്ട് - ഇൽഹാം - ഇബ്രാഹിം നബി പുത്രനെ അറുക്കുന്നതായിക്കണ്ട സ്വപ്നം

D. വറാഇൽ ഹിജാബ് - ഇബ്രാഹിം ലൂത് നബിമാരുടെ അടുക്കൽ മലക്കുകൾ ചെന്ന് വർത്തമാനം അറിയിച്ചത്